# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1433/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1433/2023 തീയ്യതി: 02/11/2023

# തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ

ശ്രീ.ജോസ്.ഡബ്ല്യു., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ബിന്ദുലത.ബി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി വെർജിൻ ഷീജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രാജു.എസ്, ഓഡിറ്റർ

ശ്രീമതി കല.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.സുരേഷ് കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജീവൻ.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബാബുരാജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഷൈൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.രാജേഷ് ചന്ദ്രൻ.ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 07-10-2022 |
| ഡോ.ജിതിൻ.ജെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 07-10-2022 | 28-12-2022 |
| ഡോ.മഹാലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 28-12-2022 | 31-03-2023 |
| ശ്രീ.സ്റ്റുവർട്ട് ഹാരിസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.അരുൺ കമാർ.ജി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.സുജിത്ത്.എ.എസ് | വി.ഇ.ഒ (സർക്കിൾ -1) | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ | വി.ഇ.ഒ (സർക്കിൾ -2) | 01-04-2022 | 31-03-2023 |
| ശ്രീമതി റിനി.എസ്.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.വിജയൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിബു.റ്റി.എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലേഖ.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | എസ്.ബി.ഐ. ഇപേമെന്റ് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുത്താനായില്ല | 1-1-3 |
| 5 | ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ അപൂർണ്ണമാണ് | 1-1-5 |
| 7 | വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകിയിട്ടില്ല | 1-1-7 |
| 9 | ജേണൽ, കോൺട്രാ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ആസ്തി ഇല്ലാത്ത ഹെഡുകളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-10 |
| 12 | പ്രത്യേക ഉദ്ദേശ ഫണ്ട് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാധ്യത ഹെഡിൽ തുക വകയിരുത്തിയില്ല | 1-1-12 |
| 14 | ആസ്തി മൂല്യത്തിനു തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയില്ല | 1-1-13 |
| 15 | Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല | 1-1-14 |
| 16 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | വിവിധ ക്ഷേമ പദ്ധതികൾ | 1-6 |
| 24 | മരണശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. | 1-6-1 |

| | | |
|---|---|---|
| 25 | ഡേറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ സേവനാ സോഫ്റ്റ് വെയറിൽ ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ | 1-6-2 |
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | ഗ്രാമീണതൊഴിലുറപ്പ പദ്ധതി | 1-9 |
| 29 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGS) | 1-9-1 |
| 30 | MNREGS പൊതുവിവരങ്ങൾ | 1-9-2 |
| 31 | ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--അപാകതകൾ | 1-9-3 |
| 32 | MNREGS- ന്റെ അക്കൗണ്ടിൽ അധിക തുക മുന്നിരിപ്പായി കാണുന്നു | 1-9-4 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | വസ്തുനികുതിയിൽ വഴി സൗകര്യത്തിന് ആനുപാതിക വർദ്ധനവ് ചുമത്തുന്നില്ല | 1-11 |
| 35 | ചട്ടങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല. | 1-12 |
| 36 | തിയേറ്റർ കെട്ടിടങ്ങളിൽ നിന്നും നികുതി വർദ്ധനവ് ഈടാക്കുകയൊ,കുടിശ്ശിക ഈടാക്കുകയോ ചെയ്തിട്ടില്ല. | 1-13 |
| 37 | അനധികൃതകെട്ടിടങ്ങൾ-കുടിശ്ശിക നികുതി ഈടാക്കാൻ തുടർനടപടി അനിവാര്യം | 1-14 |
| 38 | വസ്തു നികുതി -മൊബൈൽ ടവറിൽ നിന്നും കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-15 |
| 39 | നികുതി വരവുകളുടെ ശേഖരണം - അവലോകനം | 1-16 |
| 40 | അനധികൃത കെട്ടിടത്തിൽ മേൽ തുടർനടപടി അനിവാര്യം. | 1-17 |
| 41 | സംരഭകത്വ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വസ്തുനികുതിയൊടുക്ക് വിവരവും ഉപയോഗക്രമവും ലഭ്യമാക്കിയിട്ടില്ല | 1-18 |
| 42 | ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. | 1-19 |
| 43 | അഡ്വക്കേറ്റ് ഫീസിനത്തിലെ ചെലവിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല-രൂപ 30000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-20 |
| 44 | 2.66 കോടിയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു | 1-21 |
| 45 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-22 |
| 46 | ലൈഫ് ഭവന പദ്ധതി -വീട് നിർമ്മാണം പൂർത്തീയാക്കിയിട്ടില്ല. | 1-23 |
| 47 | തുകകൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി ആരംഭിച്ചിട്ടില്ല. | 1-24 |
| 48 | ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തുന്നുവെങ്കിലും ചെലവഴിക്കുന്നില്ല. | 1-25 |
| 49 | പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച വിനിയോഗിക്കാനാവാത്ത തുക തിരികെ ഒടുക്കിയില്ല | 1-26 |

| | | |
|---|---|---|
| 50 | നിക്ഷേപ പ്രവൃത്തികളിൽ നിന്നും തിരികെ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-27 |
| 51 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം --വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 237500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 52 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ 1023399- രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 53 | വെള്ളക്കരം ഒടുക്കിനത്തിലെ അധിക ചെലവ് ഒഴിവാക്കേണ്ടത്- അനിവാര്യം | 1-30 |
| 54 | പകൽവീട് തുടർപ്രവർത്തനം -പകൽ വീട് തുറന്നുപ്രവർത്തിക്കാതെതന്നെ അടുക്കള ഉപകരണങ്ങൾ വാങ്ങി, രൂ.39844/- തടസ്സപ്പെടുത്തുന്നു | 1-31 |
| 55 | പകൽ വീട് പ്രവർത്തിക്കുന്നില്ല - 36000/- തടസ്സപ്പെടുത്തുന്നു | 1-31-1 |
| 56 | പ്രീ മൺസൂൺ ക്ലീനിംഗ്- രേഖകൾ ഹാജരാക്കിയിട്ടില്ല- രൂ.210000/-തടസ്സപ്പെടുത്തുന്നു | 1-32 |
| 57 | ഇ.എം.എസ്. ഭവനപദ്ധതിക്കായി അനുവദിച്ചതിൽ തിരികെ ലഭ്യമായ തുക സർക്കാരിലേക്ക് തിരികെ ഒടുക്കിയില്ല | 1-33 |
| 58 | സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ - തുടർ പ്രവർത്തനവിവരം അറിയിക്കേണ്ടതാണ് | 1-34 |
| 59 | ബഡ്സ് സ്കൂൾ വാഹനം/ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ | 1-35 |
| 60 | എം.സി.എഫ് സ്ഥലം വാങ്ങൽ-അപാകതകൾ- 4859725/-രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 61 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 2629431/- രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| 62 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം- ചെലവ് 204900/- രൂപ തടസ്സപ്പെടുത്തുന്നു | 1-38 |
| 63 | കരാർ തീയതിയിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-39 |
| 64 | റോഡ് കണക്ടിവിറ്റി തയ്യാറാക്കൽ- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല-39000/- രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 65 | പ്രാദേശിക വിനോദസഞ്ചാര സാധ്യതകളെ കുറിച്ചുള്ള പഠനയാത്ര- അപാകതകൾ | 1-41 |
| 66 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-42 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 ലെ 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, വാർഷിക കണക്കുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 എസ്.ബി.ഐ. ഇപേമെന്റ് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുത്താനായില്ല

എസ്.ബി.ഐ. ഇപേമെന്റ് അക്കൌണ്ടിലെ (നം. 37321097493) നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 1617135/- രൂപയും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1611316/- രൂപയുമാണ്. വ്യത്യാസമുള്ള തുക 5819/- രൂപ മാര്യേജ് രജിസ്ട്രേഷൻ, ഡെത്ത് രജിസ്ട്രേഷൻ എന്നിവക്കായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ബാങ്ക് ബുക്കിൽ ഓട്ടോമാറ്റിക് ആയി വരവു വെയ്ക്കപ്പെടുന്നതായും എന്നാൽ ഐ.കെ.എം. ന്റെ പ്രോസസിംഗിനു ശേഷം തുക ലഭിക്കുന്നതിനു

കാലതാമസമുണ്ടാകുന്നതിനാലാണ് എന്ന മറുപടി നൽകി.

### 1-1-4 ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

എ) വസ്തുനികുതി സഞ്ചയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല. വസ്തുനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ഉറപ്പാക്കാനായില്ല.

ബി) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ലൈസൻസ് ഫീ (കറന്റ്)

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 247500 | 244900 | 0 |
| രജിസ്റ്റർ പ്രകാരം | 247500 | 247500 | 0 |

ലൈസൻസ് ഫീ (അരിയർ)

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 0 | 32400 | 0 |
| രജിസ്റ്റർ പ്രകാരം | 31800 | 31800 | 0 |

പ്രൊഫഷൻ ടാക്സ് ട്രേഡേഴ്സ് (അരിയർ)

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 0 | 23380 | 0 |
| രജിസ്റ്റർ പ്രകാരം | 38180 | 38180 | 0 |

പ്രൊഫഷൻ ടാക്സ് ട്രേഡേഴ്സ് (കറന്റ്)

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 310760 | 94670 | 0 |
| രജിസ്റ്റർ പ്രകാരം | 310760 | 310760 | 0 |

പ്രൊഫഷൻ ടാക്സ് എംപ്ലോയീസ്

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 1779070 | 1737070 | 0 |
| രജിസ്റ്റർ പ്രകാരം | 1779070 | 1779070 | 0 |

മാർക്കറ്റ് വരവ്

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 354000 | 211000 | 0 |
| രജിസ്റ്റർ പ്രകാരം | 354000 | 354000 | 0 |

### 1-1-5 ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്

ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്. വാർഷിക കണക്കുകൾ പ്രകാരമുള്ള ആസ്തിവിവരങ്ങൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്താൻ കഴിയുന്നതല്ല.

### 1-1-6 വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകിയിട്ടില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകുന്നില്ല. ഉദാഹരണത്തിന് വസ്തു നികുതി ഹെഡുകളിൽ സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നൽകേണ്ടിയിരിക്കേ 31.03.2023 ന് മാത്രമാണ് ഡിമാന്റ്

എൻട്രികൾ നൽകിയിട്ടുള്ളത്.

### 1-1-8 ജേണൽ, കോൺട്രാ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-9 ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല

വരവ് രജിസ്റ്ററുകൾ ഓരോ മാസവും ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക ക്ലോസിംഗ് മാത്രമാണ് നടത്തിയിട്ടുള്ളത്.

### 1-1-10 ആസ്തി ഇല്ലാത്ത ഹെഡുകളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

416100104 വാട്ടർവേയ്സ്, 416100106 പ്ലാന്റ് & മെഷിനറി ഹെഡുകളിൽ യഥാക്രമം -(2389199/-) രൂപയും, -(193660/-) രൂപയും ഡിപ്രിസിയേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത ഇനങ്ങളിൽ ആസ്തി രേഖപ്പെടുത്തിയിട്ടില്ല. കുടിവെള്ള പൈപ്പ് ലൈൻ ആസ്തികളുടെ ഡിപ്രിസിയേഷൻ വാട്ടർ വേയ്സ് ഹെഡിലും, കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഡിപ്രിസിയേഷൻ പ്ലാന്റ് & മെഷിനറിയിലും നൽകിയിട്ടുള്ളതായി മറുപടി നൽകി.

### 1-1-11 പ്രത്യേക ഉദ്ദേശ ഫണ്ട് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

എ) പഞ്ചായത്ത് ഡിസ്ട്രസ് റിലീഫ് ഫണ്ട് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ബി 2 പ്രകാരം 226991/- എന്നും, ബി 17 പ്രകാരം 225065/- എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ബി) പഞ്ചായത്ത് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് വരവ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 55,474/- രൂപയാണ്. റസീറ്റ്സ് & പേമെന്റ്സ് ആർ.പി. 28 പ്രകാരം പ്രസ്തുത വരവ് 57400/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

സി) ഡി.സി.ബി. ലിറ്ററസി ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് ആർ.പി. 40 (ബി) പ്രകാരം 300945/- ആണ്. പ്രസ്തുത അക്കൗണ്ടിൽ 24.05.2014 നുശേഷം ഇടപാടുകൾ ഇല്ല. അക്കൌണ്ടിന്റെ 31.03.2023 ലെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

### 1-1-12 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാധ്യത ഹെഡിൽ തുക വകയിരുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-13 ആസ്തി മൂല്യത്തിനു തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയില്ല

തൻ വർഷ ആസ്തിക്കു തുല്യമായ തുക തൻ വർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷനുമായി പൊരുത്തപ്പെടുന്നില്ല. (തൻ വർഷ ആകെ ആസ്തി (ബി11 + ബി11(സി) + ബി 11(ഡി) + ബി11 (ഇ)) – മുൻവർഷ ആസ്തി (ബി 11) എന്നത് തൻ വർഷ ആകെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (ബി3) – മുൻവർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (ബി 3) എന്നതുമായി പൊരുത്തപ്പെടുന്നില്ല.) പ്ലാൻ വൗച്ചർ ജനറേറ്റ് ചെയ്യുന്നതിലെ അപാകതമൂലമാണ് ഇപ്രകാരം ആസ്തിക്കു തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റാൻ കഴിയാത്തത് എന്നു മറുപടി നൽകി.

### 1-1-14 Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല

310900101 Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് (B1 ഷെഡ്യൂളിനോടൊപ്പം) ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ കൃത്യത ഉറപ്പാക്കാനായില്ല.

### 1-1-15 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി11 412010101 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 30,00,000/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇതു '0' ആണ്.

### 1-1-16 ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-17 എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

സാമ്പത്തിക വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് 7,00,58,749/- രൂപയാണ് (അൺസ്കിൽഡ് 55308587 + സ്കിൽഡ് 2126973 + മെറ്റീരിയൽ 11255948 + അഡ്മിൻ ഫണ്ട് 1350185 + പലിശ വരവ് 17056). എന്നാൽ വാർഷിക കണക്കുകൾ ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ പ്രസ്തുത വരവ് 7,06,01,872/- എന്ന രേഖപ്പെടുത്തിയിരിക്കുന്നു.

17) എം.ജി.എൻ.ആർ.ഇ.ജി.എസ്. വരവു ചെലവു വിശദാംശങ്ങൾ റസീറ്റ്സ് & പേമെന്റ്സും, ക്യാഷ്ബുക്കും പൊരുത്തപ്പെടുന്നില്ല.

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 400950.5 | 400000 |
| വരവ് | 1946127 | 1914081 |
| ചെലവ് | 1933017 | 1350185 |
| നീക്കിയിരിപ്പ് | 414060.5 | 414060 |

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 27.02.2023 |
| ഭരണസമിതി തീരുമാനം | 1(1) | 2(1) |
| മുന്നിരിപ്പ് | 11965230 | 13165230 |
| വരവ് | 764902300 | 463811537 |
| ചെലവ് | 769309000 | 472264543 |
| നീക്കിയിരിപ്പ് | 7558530 | 4712224 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയിതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കാലയളവ് | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ 15 ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ | 2022 ജനുവരി 15 ന് മുൻപ് | എം.ഒ. പി.എച്ച്.സി., എ.ഇ., കൃഷി ഓഫീസർ എന്നിവർ മാത്രമാണ് നോൺപ്ലാൻ |

| | | | |
|---|---|---|---|
| | സമർപ്പിക്കൽ | | ശിപാർശകൾ നൽകിയിട്ടുള്ളത് |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനവരി 22 ന മുൻപ് | വികസനം, ക്ഷേമകാര്യം, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ചർച്ച നടത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1 ന് മുൻപ് | നടത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | വിശദാംശം ലഭ്യമാക്കിയില്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 15.03.2022 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 25.03.2022 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | 26.03.2022 |

നോൺപ്ലാൻ ചെലവുകൾക്ക് ശിപാർശകൾ സ്വീകരിച്ച് ബജറ്റ് ക്രോഡീകരണം നടത്തുന്നതിന ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധ പുലർത്തിയിട്ടില്ല. പദ്ധതികൾക്ക അംഗീകാരം നൽകി പദ്ധതി ചെലവു കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റിന മുൻപായി വാർഷിക പദ്ധതികൾക്ക രൂപം നൽകാൻ സാധിക്കാത്ത സംഗതികളിൽ വാർഷിക പദ്ധതി അംഗീകാരം നേടുന്ന മുറയ്ക്ക ബജറ്റ് പുതുക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി ചെലവുകൾക്ക ബന്ധപ്പെട്ട ഹെഡുകളിൽ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള വിവിധ വരവുകൾ യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല . ഉദാഹരണങ്ങൾ ചുവടെ

വരവ്

| ഹെഡ് | റീവൈസ്ഡ് ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| 1501201 Sale Of Scrap/obsolete Assets | 100000 | 327580 |
| 180900102 Voluntary Contributions | 0 | 91800 |

പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34) മറുപടി ലഭ്യമാക്കിയില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാത്തതും, സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക നൽകാത്തതും ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 37014309 |
| ഓഡിറ്റ് വർഷത്തെ വരവ് | 91833726 |
| ആകെ | 128848035 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62847233 |
| നീക്കിയിരിപ്പ് | 66000802 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക

പ്രകാരം വരവ് 268975276/- രൂപയും ചെലവ് 267643920/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22979588 | 22979588 | 27618683 | -4639095 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15968619 | 15968619 | 15949035 | 19584 |
| വികസനഫണ്ട് റ്റി.എസ്.പി. | 0 | 126767 | 126767 | 219539 | -92772 |
| സി.എഫ്.സി. ടൈഡ് | 0 | 8736609 | 8736609 | 7733876 | 1002733 |
| സി.എഫ്.സി. അൺടൈഡ് | 0 | 4691767 | 4691767 | 4616967 | 74800 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23342000 | 23342000 | 23318605 | 23395 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 9165000 | 9165000 | 9128553 | 36447 |
| CSS | 0 | 0 | 0 | 1984000 | -1984000 |
| SSS | 0 | 0 | 0 | 700000 | -700000 |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (5185426രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (1795800രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

വരവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 22979588 | 28480000 |
| വികസനഫണ്ട് (എസ്.സി.പി) | 15968619 | 17633000 |
| വികസനഫണ്ട് (റ്റി.എസ്.പി) | 126767 | 228000 |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ചെലവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /സുലേഖ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 27618683 | 22934851 |
| വികസനഫണ്ട് (എസ്.സി.പി) | 15949035 | 14284654 |
| വികസനഫണ്ട് (റ്റി.എസ്.പി) | 219539 | 118306 |
| മെയിന്റനൻസ് റോഡിതരം | 9128553 | 9155053 |

3) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് | ആവശ്യം/തുക ലഭ്യമാക്കിയ സ്ഥാപനം/പദ്ധതി |
|---|---|---|
| 320700204 ജോയിന്റ് വെൻച്വർ പ്രോജക്ട്സ്-ബ്ലോക്ക്പഞ്ചായത്ത്സ് | 437813 | ലൈഫ് പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും എൽ.ജി.റ്റി.എസ്.ബി. അക്കൌണ്ടിൽ ലഭിച്ച 30 ലക്ഷം രൂപയിൽ ബാക്കിയുള്ള 418000+മുൻവർഷങ്ങളിൽ ലഭിച്ചതിലെ നീക്കിയിരിപ്പായ 19813 രൂപയും ഉൾപ്പെട്ടത് |
| 320700205 ജോയിന്റ് വെൻച്വർ പ്രോജക്ട്സ്-ജില്ലാ പഞ്ചായത്ത്സ് | 1519958 | 2022-23 സാമ്പത്തിക വർഷത്തിൽ കേരഗ്രാമം പദ്ധതിക്കായി ജില്ലാപഞ്ചാ യത്തിൽ നിന്നും ലഭിച്ച 10 ലക്ഷം + മുൻവർഷങ്ങളിൽ ലഭിച്ചതിലെ നീക്കിയിരിപ്പായ 519958 രൂപയും ഉൾപ്പെട്ടത് |
| 320700304 ജോയിന്റ് വെൻച്വർ പ്രോജക്ട്സ്-ബ്ലോക്ക്പഞ്ചായത്ത്സ് | 49000 | ബ്ലോക്ക് വിഹിതമായി ലഭിച്ചതിലെ 01.04.2013 മുതലുള്ള നീക്കിയിരിപ്പ് |
| ആകെ | 2006771 | |

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിക്കുന്നതിലേക്കായി ട്രഷറി അലോട്ട്മെന്റ് രീതിയിലായിരുന്നു ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലാണ് നിക്ഷേപിച്ചു ലഭിച്ചിട്ടുള്ളത്. ചെലവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ ഒരു പദ്ധതിക്കു മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തി പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

6) വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. ഇപ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 284800 രൂപ കുറവു ചെയ്തു പോയിട്ടുണ്ട്. ഡി സി ബി വരവിനങ്ങളുടെ കളക്ഷനിൽ കുറവു വരാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

മേൽ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/24.08.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ: ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 28480000 | 27618683 | 861317 |
| വികസനഫണ്ട് (എസ്.സി.പി) | 17633000 | 15949035 | 1683965 |
| വികസനഫണ്ട് (ടി.എസ്.പി) | 228000 | 219539 | 8461 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 23342000 | 23318605 | 23395 |


| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 9165000 | 9128553 | 36447 |
| ആകെ | 78848000 | 76234415 | 2613585 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

(1)




(2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 0 | 4759968 | 4669358 | 98 |
| വെറ്റിനറി സർജൻ | 4 | 4 | 0 | 2605000 | 2196300 | 84 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 16 | 10 | 6 | 7007700 | 5362256 | 77 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 3 | 3 | 0 | 1650000 | 1650000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29 | 24 | 5 | 101256180 | 28566172 | 28 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 15 | 0 | 7985835 | 7209756 | 90 |
| സെക്രട്ടറി | 51 | 41 | 10 | 28224414 | 23825798 | 84.41 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 86 | 73 | 13 | 45210766 | 35054768 | 78 |
| ഹെഡ് മാസ്റ്റർ | 1 | 1 | 0 | 500000 | 374376 | 75 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 2425000 | 2125000 | 88 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 0 | 2680794 | 1863054 | 69 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 0 | 168000 | 168000 | 100 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം )

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 33695612 | 27618683 | 82 |
| എസ്.സി.പി. | 19297381 | 15949035 | 83 |
| ടി.എസ്.പി. | 329233 | 219539 | 67 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15491840 | 12350843 | 80 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2260000 | 1984000 | 88 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 37615000 | 700000 | 2 |
| തനത് ഫണ്ട് | 10725302 | 7486805 | 70 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 20868511 | 5340080 | 26 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 24447231 | 8345211 | 34 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 28263200 | 23318605 | 83 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 10936047 | 9128553 | 83 |
| മറ്റുള്ളവ | 93896200 | 4057204 | 4 |
| ആകെ | 298369857 | 116617047 | 39 |

പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 227 | 193 | 34 | 204473657 | 112559843 | 55 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1പ്രകാരം ആസൂത്രസമിതി 13 അംഗങ്ങളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടില്ല. നിലവിലെ ആസൂത്രസമിതിയിൽ 13 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം) 13.01.2022 ന് 4 അംഗങ്ങൾ, 07.05.2022 ന് 5അംഗങ്ങൾ എന്നിങ്ങനെ പങ്കെടുത്ത് ഒരു യോഗം കൂടിയിട്ടുണ്ടെന്നല്ലാതെ ചർച്ചയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക എന്നീ ചുമതലകൾ നിർവഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ

പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക , വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശം കണ്ടെത്താൻ കഴിഞ്ഞില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 28.06.2022 | വൃദ്ധസദനത്തിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുക |
| 2 | ചെറുകിട വ്യവസായം | 12.05.2022 | ഈറ, മുള എന്നിവ കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമിക്കുന്ന യൂണിറ്റ് ആരംഭിക്കുക |
| 3 | കുടിവെള്ളം ശുചിത്വം | 07.05.2022 | ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക |
| 4 | മൃഗസംരക്ഷണം, ക്ഷീരവികസനം | 07.05.2022 | പഞ്ചായത്തിൽ ജനിക്കുന്ന എല്ലാ കന്നുകുട്ടികളെയും കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക |
| 5 | പൊതുമരാമത്ത് | 07.05.2022 | സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുക |
| 6 | ആരോഗ്യം | 07.05.2022 | വണ്ടന്നൂർ കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തനയോഗ്യമല്ലാത്തതിനാൽ പുതുക്കി പണിയുക |
| 7 | കൃഷിയും അനുബന്ധമേഖലയും | 07.05.2022 | തരിശ്ഭൂമിയിൽ തൊഴിലുറപ്പുകാരെ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക |

ആയവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (31/23.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണ്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതായി അറിയിച്ചെങ്കിലും, അതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 26/22.08.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | വൃദ്ധരുടെയും നിരാശ്രയരുടെയും സംരക്ഷണം | വൃദ്ധരുടെയും നിരാശ്രയരുടെയും സംരക്ഷണത്തിനായി പകൽ വീടിന് അടിസ്ഥാന സൗകര്യമൊരുക്കൽ, വയോജനങ്ങൾക്ക് കട്ടിൽ, പകൽവീട് തുടർപ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് |
| 2 | പൊതുമരാമത്ത് | ഗുരുതരം | അംഗൻവാടി കെട്ടിടങ്ങൾ | അംഗനവാടിക്ക് വസ്തു വാങ്ങൽ, ചുറ്റമതിൽ നിർമ്മാണം, അംഗൻവാടികൾക്ക് കണ്ടെയ്നറുകളും അലമാരയും വാങ്ങൽ, അംഗൻവാടികൾ മെയിൻറനൻസ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് |
| 3 | ആരോഗ്യം | ഗുരുതരം | പകർച്ചവ്യാധികൾ പടരുന്നത് | പകർച്ചവ്യാധികൾ പടരുന്നത് നിയന്ത്രിക്കുന്നതിന് പകർച്ചവ്യാധി നിയന്ത്രണം,എഫ് എച്ച് സി ലബോറട്ടറി സംവിധാനം മെച്ചപ്പെടുത്തൽ, ആരോഗ്യ ഉപകേന്ദ്രങ്ങളിൽ രോഗനിർണയ |

| | | | | |
|---|---|---|---|---|
| | | | | സംവിധാനം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് |
| 4 | സാമൂഹ്യനീതി | ഗുരുതരം | ഭിന്നശേഷിക്കാരുടെ Physical, Mental, Vocational വികസനം | ഭിന്നശേഷിക്കാരുടെ വികസനത്തിനായി ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, സ്റ്റാർ ബട്ട്സ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് പോഷകാഹാരം ,ബഡ്സ് സ്കൂളിന് തെറാപ്പി ഉപകരണങ്ങൾ വാങ്ങൾ, ഭിന്നശേഷി കുട്ടികളുടെ കലാകായിക മേള എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് |
| 5 | പട്ടികജാതി വികസനം | ഗുരുതരം | കോളനിസങ്കേതങ്ങളിൽ കുടിവെള്ളത്തിന്റെ അപര്യാപ്തത | കോളനി സങ്കേതങ്ങളിൽ കുടിവെള്ളത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ളക്കരം അടയ്ക്കൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് |
| 6 | വിദ്യാഭ്യാസം, സംസ്കാരം | ഗുരുതരം | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കുറവ് പരിഹരിക്കുന്നതിന് സ്കൂൾ വിദ്യാർഥികൾക്കുള്ള പ്രഭാതഭക്ഷണം, മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് |
| 7 | കുടിവെള്ളം, ശുചിത്വം | അതീവ ഗുരുതരം | ജലാശയങ്ങൾ മലിനപ്പെടുത്തൽ | ജലാശയ സംരക്ഷണത്തിനായി പൊതു സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടില്ലെന്നാണ് അറിയിച്ചിരിക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ

ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. റോഡ്,റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പദ്ധതി ആസൂത്രണത്തിൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി തുകയുടെ വിനിയോഗം ഫലപ്രദമാക്കേണ്ടതുമാണ്.

## 1-6 വിവിധ ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 4320 | 3 (2 തവണ) |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3888400 | 2 (2022-23) (Total--1933) |
| 3 | വിധവ പെൻഷൻ | 20765300 | 73 (2022-23) (Total- 3645) |
| 4 | വാർദ്ധക്യകാല പെൻഷൻ | 36381800 | 243 (2022-23) (Total-612) |
| 5 | വികലാംഗ പെൻഷൻ | 6781200 | 27 (2022-23) |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| 7 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1106400 | 2 (2022-23) (Total -96) |

### 1-6-1 മരണശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു.

2022-2023 സാമ്പത്തിക വർഷത്തിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

സർക്കുലർനം 69/2018/ധന, തീയതി26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക | Status |
|---|---|---|---|---|---|---|---|
| 1 | 409396746479 | സരസു എസ് | വിധവാ പെൻഷൻ | 18/07/22 | 08/22 To 04/23 | 14400 | Active |
| 2 | 275458866084 | തങ്കമ്മ സി | വിധവാ പെൻഷൻ | 09/07/22 | 08/22 To 04/23 | 14400 | Active |
| 3 | 530201536170 | ജമാലിയത്ത് ബീവി | വിധവാ പെൻഷൻ | 18/08/22 | 09/22 To 04/23 | 12800 | Active |
| 4 | 591103127679 | ശശിധരൻ ആർ | വാർദ്ധക്യ കാല പെൻഷൻ | 20/04/22 | 05/22 To 04/23 | 19200 | Active |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 584179593564 | വേലപ്പൻ നായർ | വാർദ്ധക്യ കാല പെൻഷൻ | 10/09/22 | 10/22 To 04/23 | 11200 | Active |
| 6 | 823731852531 | ഗോമതി | വിധവാ പെൻഷൻ | 09/10/22 | 11/22 To 04/23 | 9600 | Active |
| 7 | 591103127679 | ശശിധരൻ ആർ | വാർദ്ധക്യ കാല പെൻഷൻ | 20/04/22 | 05/22 To 04/23 | 19200 | Active |
| 8 | 444093871894 | ഗ്രേസി | വിധവാ പെൻഷൻ | 23/10/22 | 11/22 To 04/23 | 9600 | Active |
| 9 | 937189924217 | കമലമ്മ ബി | വാർദ്ധക്യ കാല പെൻഷൻ | 01/11/22 | 12/22 To 04/23 | 8000 | Active |
| ആകെ | | | | | | 118400 | |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (23/22, 22/08/23) മറുപടി ലഭ്യമാക്കിയില്ല. അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-6-2 ഡേറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ സേവനാ സോഫ്റ്റ് വെയറിൽ ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ

2022-2023 സാമ്പത്തിക വർഷത്തിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും ആക്ടീവായി തുടരുന്നു. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | ആധാർ നം | പെൻഷൻ |
|---|---|---|---|
| 1 | സോമൻ ജി | 376671143114 | കർഷക തൊഴിലാളി പെൻഷൻ |
| 2 | തങ്കപ്പൻ എം | 314901390489 | വാർദ്ധക്യ കാല പെൻഷൻ |
| 3 | സലീം | 549592955120 | വാർദ്ധക്യ കാല പെൻഷൻ |
| 4 | ഓമനയമ്മ | 984204603670 | കർഷക തൊഴിലാളി പെൻഷൻ |
| 5 | കമലമ്മ ബി | 937189924217 | വാർദ്ധക്യ കാല പെൻഷൻ |
| 6 | ഉമൈബബീവി എ | 246077634426 | വിധവാ പെൻഷൻ |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (25/22, 22/08/23) മറുപടി ലഭ്യമാക്കിയില്ല.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-08-2023 തീയതിയിൽ 11.35 എ.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8385/- (എണ്ണായിരത്തി മൂന്നൂറ്റി എൺപത്തിയഞ്ച്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- പകൽ വീട് പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നികുതി നികുതിയേതര വരുമാനങ്ങളുടെ ശേഖരണത്തിൽ കൃത്യത /ജാഗ്രത പാലിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.
- തൊഴിൽ നികുതി സമ്പൂർണ്ണ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
- ഉപയോഗശൂന്യമായ പൊതുടാപ്പുകൾക്ക് കുടിവെള്ള കരം ഒടുക്ക് വരുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

- പദ്ധതി വിഹിതം വിനിയോഗിച്ച് ആസ്തി നിർമ്മാണം,മെയിന്റനൻസ് എന്നിവ നടപ്പാക്കുന്നുണ്ടെങ്കിലും തുടർസംരക്ഷണം ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.
- പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-9 ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

### 1-9-1 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | AFS പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 400000 | 1914081 | 2314081 | 1350185 | 414060 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 69251687 | 69251687 | 69251687 | -- |
| ആകെ | 400000 | 71165768 | 71565768 | 70601872 | 414060 |

ദേശീയ തൊഴിലുറപ്പ് പദ്ധതിഫണ്ട് വരവ്, ചെലവ് അപാകങ്ങൾക്ക് ഖണ്ഡിക 1-1-17 കൂടി കാണുക.

### 1-9-2 MNREGS പൊതുവിവരങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തി ആഡിറ്റ് എൻക്വയറി (14/23, 21/08/23) പ്രകാരം വിവരങ്ങൾ ലഭ്യമാക്കി.

| | |
|---|---|
| 2022-23സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 7601 |
| പുതുതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം | 10932 |
| 2022-23 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | 3315 |
| 100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം | 512 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 302 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 265 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 21 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 21 |
| വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 645 |
| അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 590 |
| തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം | 136 |
| തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 326 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 55 |
| തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 175798 |
| പരാതി രജിസ്റ്റർ പരിപാലനം (ഉണ്ട്/ ഇല്ല) | ഉണ്ട് |

| | |
|---|---|
| ആസ്തി രജിസ്റ്റർ (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 55308587 |
| മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | Material-112559948<br>Sklled--2126973 |
| പൂർത്തീകരിച്ച സ്ഥിര ആസ്തികളുടെ വിവരം /മൂല്യം | 136 |
| 22-23-ൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും ചെലവഴിച്ച തുകയും | 68691508 |
| തുടർച്ചയായി 3 വർഷത്തിലധികമായി മേറ്റായി/കൺവീനർമാരായി പ്രവർത്തിക്കുന്നവരുടെ എണ്ണം | 69 |

## 1-9-3 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--അപാകതകൾ

1. 2017- ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആന്റ് വകുപ്പ് (51) കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs- ന്റെ 13/09/2018- ലെ 50/2018- നമ്പർ നോട്ടിഫിക്കേഷൻ കേന്ദ്ര റവന്യൂ വകുപ്പിന്റെ 14/09/18- ലെ സർക്കാർ നം 65/39/2018 DOR പ്രകാരം 250000/- രൂപയ്ക്ക് മുകളിലോ അതിനു തുല്യമായ വ്യാപാരങ്ങൾക്കോ, സേവനങ്ങൾക്കോ ബന്ധപ്പെട്ട വിതരണക്കാരിൽ നിന്നും /വ്യാപാരികളിൽ നിന്നും 2% തുക ജി എസ് റ്റി ഇനത്തിൽ കുറവ് ചെയ്യണം എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് | വർക്ക് കോഡ് | വർക്കിന്റെ പേര് | എസ്റ്റിമേറ്റ് കോസ്റ്റ് | ആകെ ചെലവ് |
|---|---|---|---|---|
| കുഴിവിള | LD/462152 | കുഴിവിള വാർഡിലെ തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ | 298910 | 295331 |
| കുഴിവിള | LD/462153 | കുഴിവിള വാർഡിലെ തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ | 293688 | 290375 |
| കുഴിവിള | WC/539877 | കുഴിവിള വാർഡിലെ മണ്ണ് ജല സംരക്ഷണം | 487244 | 489944 |
| കുഴിവിള | WC/539888 | കുഴിവിള വാർഡിലെ മണ്ണ് സംരക്ഷണം | 373310 | 333637 |
| കൊറ്റം പള്ളി | Wc/529863 | കൊറ്റം പള്ളി വാർഡിലെ മണ്ണ് സംരക്ഷണം | 491079 | 481329 |
| കൊറ്റം പള്ളി | Wc/536163 | കൊറ്റം പള്ളി വാർഡിലെ മണ്ണ് സംരക്ഷണം | 498600 | 483195 |
| ആഫീസ് വാർഡ് | WC/544600 | ആഫീസ് വാർഡിലെ മണ്ണ് ജല സംരക്ഷണം | 444039 | 427003 |

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

2. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല. എല്ലാ മെറ്റീരിയൽ വർക്കുകളിലും ഡിസ്‌പ്ലേ ബോർഡിന്റെ ചെലവിലേക്കായി 3875/-, 2700/- രൂപ എന്നിങ്ങനെ ചെലവാക്കിയ വൗച്ചർ ഉൾകൊള്ളിച്ചിട്ടുണ്ട്. എന്നാൽ അവയുടെ ഫോട്ടോ അറ്റാച്ച് ചെയ്തതായി കാണുന്നില്ല.

5. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

6. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

7. Muster Roll Movement Slip , Work Completion Certificate എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

മേൽ വിഷയങ്ങളുടെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (30/22, 23/08/23) മറുപടി ലഭ്യമാക്കിയില്ല.

## 1-9-4 MNREGS- ന്റെ അക്കൗണ്ടിൽ അധിക തുക മുന്നിരിപ്പായി കാണുന്നു

MNREGS- ന്റെ അക്കൗണ്ടിൽ 400000/-രൂപ വാർഷിക ധനകാര്യപത്രിക പ്രകാരം ഓപ്പണിംഗ് ബാലൻസ് കാണുന്നു. ഇപ്രകാരം, മുന്നിരിപ്പ് വന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/22, 23/08/23) മറുപടി ലഭ്യമാക്കിയില്ല. MNREGS- അക്കൗണ്ട് എപ്പോഴും സീറോ ബാലൻസ് ആയി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | | |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | | | |

## 1-11 വസ്തുനികുതിയിൽ വഴി സൗകര്യത്തിന് ആനുപാതിക വർദ്ധനവ് ചുമത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 പ്രകാരം വസ്തുനികുതി ചുമത്തുമ്പോൾ കെട്ടിടം സ്ഥിതിചെയ്യുന്ന വസ്തുവിലേക്കുള്ള വഴി സൗകര്യം 5മീറ്ററിൽ കൂടുതൽ ഉണ്ടായിരിക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധിപ്പിച്ച് നികുതി ചുമത്തേണ്ടതാണ്.സഞ്ചയ സോഫ്റ്റ് വെയറിൽ പഞ്ചായത്തിലെ റോഡുകളുടെ നീളം സംബന്ധിച്ച വിവരം ലഭ്യമാണെങ്കിലും റോഡുകളുടെ വീതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിലെ റോഡുകളുടെ വീതി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 9/23 -ന് മറുപടി ലഭ്യമാക്കിയില്ല.എന്നാൽ 2022- 23വർഷത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാനിൽ 5മീറ്ററിൽ കൂടുതൽ ഉള്ളതായി ബിൽഡിംഗ് ഡിസൈനറും, ആയത് പഞ്ചായത്ത് അസി.എൻജിനിയറും സാക്ഷ്യപ്പെടുത്തിയ കെട്ടിടങ്ങളിൽ നിന്നും അടിസ്ഥാന നികുതിയുടെ 20%വർദ്ധനവ് എടുത്തിട്ടില്ലായെന്ന് വ്യക്തമായി. അപ്രകാരം നികുതി വർദ്ധനവ് എടുക്കാത്ത ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | കെട്ടിട നമ്പർ, വിസ്തീർണം | പ്ലാനിലെ റോഡിന്റെ വീതി | സഞ്ചയയിലെ റോഡ് വീതി | നികുതി നഷ്ടം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| A1-2754/22 | 12/317a,13.71 $M^2$ (ഷോപ്പ്) 12/317 B-13.71 $M^2$ 12/317 C.-98.01$m^2$(വീട്) 12/317 D-70.59$m^2$ | 9.80 M | 1.50 M കൂടുതൽ | 20% |
| A1-2495/22 | 12/380c 33.74 $M^2$ | 6m | 1.50 M കൂടുതൽ | ,, |
| A1/2476/22 | 14/68A | 8M | 1.50 M.കൂടുതൽ | 20% |
| SC1/2242/22 | 3/456A | 6.85M | 1.50 Mകൂടുതൽ | ,, |

മേൽ വിവരിച്ച കെട്ടിടങ്ങളിൽ നിന്നും 20%നികുതി കുറവായി ഈടാക്കുന്നതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 9/23-ന് മറുപടി ലഭ്യമാക്കിയില്ല.പ്രസ്തുത ഇനത്തിൽ സംഭവിക്കുന്ന നികുതി നഷ്ടം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും പഞ്ചായത്ത് റോഡ് മാപ്പ് നിയമാനുസൃതം പ്രസിദ്ധീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ചട്ടങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല.

2019- ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 4പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും ,കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽസെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീതും ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്.ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് AIAയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും ,അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും , അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സെറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ-11 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. അപ്രകാരം 2022-23-ൽ പഞ്ചായത്ത് നൽകിയ പെർമിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന പെർമിറ്റ് അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്ക് നൽകിയിട്ടില്ലായെന്നും, അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കാതെയും ഫയൽ നടപടി പൂർത്തീകരിക്കാതെയും അവശേഷിക്കുന്നതായും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് അപേക്ഷാ നമ്പർ തീയതി | എ.ഇ.യ്ക്ക് നൽകിയ തീയതി | എ.ഇ.തിരികെ ലഭ്യമാക്കിയ തീയതി | സെക്രട്ടറി പെർമിറ്റ് നൽകിയ തീയതി | കാലയളവ് |
|---|---|---|---|---|
| SCl-1499/23, 9-3-2023 | - | 3-6-2023 | 21-6-2023 | |
| A1-552/23, 28/1/2023 | 3/1/23 | 9-2-2023 | 27/3/2023 | |
| A1-477/23, 24-1-23 | 27-1-23 | 31-1-23 | 14-3-2023 | |
| A1-385/23, 19/1/2023 | 24-1-23 | 27-1-23 | 17-3-23 | |
| A1-6664/23, 30/12/2023 | 6-1-2023 | - | 3-2-23 | |

| | | | | |
|---|---|---|---|---|
| A1-6640/22, 19/12/2022 | 28-12-2022 | 18-1-2023 | 6-3-23 | |
| A1-6378/22, 15/12/22 | 22-12-2022 | 20-1-2023 | 16-2-2023 | |
| A1-6134/22, 2/12/2022 | 6-12-22 | - | 7-2-2023 | |
| A1-3826/22, 14/10/2022 | 20-10-22 | 17-12-22 | 8-3-2023 | |
| A1-3630/22, 6-10-22 | 12-10-22 | 2-11-2023 | 1-3-2023 | |
| A1-3039/22, 16/9/2022 | 24-9-22 | 10-11-22 | 3-1-2023 | |
| A1/2844/22, 1-9-22 | 13/9/22 | 17/9/22 | 28-11-2022 | |
| A1/2068/22, 16/7/2022 | 29-7-22 | 5-9-22 | 16-12-22 | |

മേൽ വിവരിച്ചതും അല്ലാത്തതുമായ ധാരാളം പെർമിറ്റ് അപേക്ഷകൾ പരിശോധിച്ച് സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമാകുന്നു. സമയപരിധിയ്ക്കുള്ളിൽ നൽകാൻ സാധിക്കാത്തതിനുള്ള വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പെർമിറ്റ് ഫയലുകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതിന്റെ രേഖകളോ ഫയലുകളിൽ ലഭ്യമല്ല.

2.പെർമിറ്റ് രജിസ്റ്ററിൽ നപടിക്രമം പൂർത്തീകരിച്ച് പെർമിറ്റ് നൽകാത്ത ഏതാനും ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| |
|---|
| A1-1385/23, 6-3-2023 |
| A1-789/23, 7-2-23 |
| A1-816/23, 8-2-23 |
| A1-717/23, 3-2-23 |
| A1-269/23, 13-1-23 |
| A1-282/23, 16-1-23 |
| A1-6683/22, 31-12-2022 |
| A1-648/22, 21-12-22 |
| A1-6435/22, 19-12-22 |

മേൽ വിവരിച്ചതും അല്ലാത്തതുമായ അപേക്ഷകൾ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 18/23 -ന് മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറി ചട്ടങ്ങൾ പ്രകാരമുള്ള സമയപരിധിയോ, പൊതുജനങ്ങൾക്കുള്ള സേവനാവകാശം നൽകുന്നതിൽ കൃത്യതയോ പാലിക്കുന്നില്ലായെന്ന് വ്യക്തമാകുന്നു. പ്രസ്തുത അപാകങ്ങൾ ജനറൽ കമ്മിറ്റി പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് അന്വേഷണ കുറിപ്പ് 18/23 -ന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 തിയേറ്റർ കെട്ടിടങ്ങളിൽ നിന്നും നികുതി വർദ്ധനവ് ഈടാക്കുകയൊ,കുടിശ്ശിക ഈടാക്കുകയോ ചെയ്തിട്ടില്ല.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം-2-അടിസ്ഥാനമാക്കി ചട്ടം 12പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കെട്ടിട പരിശോധിച്ച് ഫോറം നമ്പർ 6-ൽ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.ചട്ടം 6അനുസരിച്ച് കെട്ടിടത്തിൽ സെൽട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് ഉണ്ടെങ്കിൽ പട്ടിക 8 പ്രകാരം അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധിപ്പിക്കേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന തിയേറ്ററിൽ നിന്നും സെൽട്രലൈസ്ഡ് എയർ കണ്ടീഷനിംഗിന് 15%വർദ്ധനവ് ഈടാക്കുന്നില്ലായെന്ന് വ്യക്തമായി.ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | നികുതി നിരക്ക് | ഉപയോഗക്രമം | A/c | നികുതി നഷ്ടം |
|---|---|---|---|---|---|
| 4/280 A | 1828.15m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 B | 711,97m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 C | 199.87m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 D | 1325.05m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 E | 1142.18m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 F | 336.27m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 G | 224.45m2 | 20/- | തിയേറ്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| 4/280 J | 3225.13m2 | 20/- | കൺവെൻഷൻ സെന്റർ | നിരക്ക് ഈടാക്കിയിട്ടില്ല. | അടിസ്ഥാന വസ്തുനികുതിയുടെ 15% |
| | | | | | |

മേൽ വിവരിച്ച കെട്ടിടങ്ങൾ തിയേറ്റർ ,കൺവെൻഷൻ സെന്റ്റർ എന്നീ ഗണത്തിൽ ഉൾപ്പെട്ടതിനാൽ സെൽട്രലൈസ്ഡ് എ.സി.ആവശ്യമാണ്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 2/23 -ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കി സെൽട്രലൈസ്ഡ് എ.സി.യുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയുടെ 15%നികുതി വർദ്ധനവ് കൂടി ചുമത്തി നിയമാനുസൃത കുടിശ്ശിക ഉൾപ്പടെ ഈടാക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.മേൽവിവരിച്ച കെട്ടിടസമുച്ചയത്തിൽ ഉൾപ്പെട്ട കൺവെൻഷൻ സെറ്ററിൽ നിന്നും നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ പരിശോധനയിൽ മേൽവിവരിച്ച കെട്ടിടസമുച്ചയത്തിൽ ഉൾപ്പെട്ട കൺവെൻഷൻ സെന്ററിന്റെ നികുതി കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടനമ്പർ | 4/280 J |
| വിസ്തീർണം | 3225.13m2 |
| ഉപയോഗക്രമം | കൺവെൻഷൻ സെറ്റർ |
| നികുടിശ്ശിക കാലയളവ് | 2020 മുതൽ 2023 |
| 2023 ആദ്യ പകുതി വരെ കുടിശ്ശിക | 286495/- |

കുടിശ്ശിക ഈടാക്കാത്തതിനും, ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 2/23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് നികുതികൾ 3വർഷം കഴിഞ്ഞാൽ പിരിച്ചെടുക്കുവാൻ നിയമ സാധുതയില്ലാതായി മാറുന്നതാണ്.ആയതിനാൽ മേൽ വിവരിച്ച കുടുശ്ശിക തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തുകയും ചെയ്താൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ തുക കാലഹരണപ്പെട്ട് നഷ്ടപ്പെട്ടാൽ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-14 അനധികൃതകെട്ടിടങ്ങൾ-കുടിശ്ശിക നികുതി ഈടാക്കാൻ തുടർനടപടി അനിവാര്യം

അനധികൃതകെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്235 എ.എ.യിലെ 1-ാം ഉപവകുപ്പ് പ്രകാരം നികുതി നിർണ്ണയിക്കേണ്ടതാണെന്ന് ചട്ടം20(3)ൽ വിവരിച്ചിട്ടുണ്ട്.കൂടാതെ വസ്തുനികുതിയും അതിന്റെ 2 ഇരട്ടി തുകയും ചേർത്ത് നികുതി ഈടാക്കേണ്ടതാണ്.അപ്രകാരമുള്ള ചില കെട്ടിടങ്ങളുടെ നികുതി വിവരം സഞ്ചയിൽ പരിശോധിച്ചതിൽ നികുതി കുടിശ്ശിക ഉള്ളതായി കണ്ടെത്തി.കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

1.കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്.

| കെട്ടിട നമ്പർ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|
| 19/5 Ua | 2022 വരെ | 32246/- |
| 8/7ua | 2021-23 | 2276/- |
| 18/2ua | 2020-23 | 5180/- |
| 6/1ua | 2015-23 | 1821/- |
| 14/2ua | 2021-23 | 2279 |

മേൽ വിവരിച്ച അനധികൃത കെട്ടിടങ്ങളിൽ നിന്നും നികുതി കുടിശ്ശിക ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 12/23ന് മറുപടി ലഭ്യമാക്കിയില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ക്ഷണിക്കുന്നു. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. അനധികൃത കെട്ടിടത്തിന് സഞ്ചയയിൽ നിയമാനുസൃത കെട്ടിടം എന്ന് രേഖപ്പെടുത്തി- 3 മടങ്ങ് നികുതി ഈടാക്കുന്നില്ല.

| കെട്ടിട നമ്പർ | വിസ്തീർണം | എടുക്കുന്ന നികുതി നിരക്ക് | എടുക്കേണ്ട നികുതി നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 20/2ua(വാസഗ്രഹം) | 81.96 $M^2$ | 82x3=246/- | 82x3=246x3=738 | 2015 മുതൽ ഈടാക്കുന്നില്ല |

മേൽ വിവരിച്ച കെട്ടിടത്തിന് നിയമ വിരുദ്ധമായി നിയമാനുസൃതകെട്ടിടമെന്ന് രേഖപ്പെടുത്തിയതിനും, ആയത് പ്രകാരം നികുതി നഷ്ടപ്പെടുത്തുന്നതിനുമുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

3. ക്രമവത്ക്കരണ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2022-23സാമ്പത്തിക വർഷത്തിൽ ക്രമവത്ക്കരണം നടത്തിയ ചില കെട്ടിടങ്ങളുടെ വിവരം രജിസ്റ്ററിൽ പരിശോധിച്ചതിനുശേഷം A1-2582/22 നമ്പർ ക്രമവത്ക്കരണ ഫയൽ അന്വേഷണകുറിപ്പ് 12/23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

## 1-15 വസ്തു നികുതി -മൊബൈൽ ടവറിൽ നിന്നും കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെ പറയുന്ന മൈബൈൽ ടവറുകളിൽ നിന്നും 2022-23സാമ്പത്തിക വർഷം വരെ കുടിശ്ശികയായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | കെട്ടിട നമ്പർ | വർഷം | കുടിശ്ശിക തുക |
|---|---|---|---|
| റിലയൻസ് | 5/455 A | 2019-2023 | 34209/- |
| Idea | 8/408a | 2020-23 | 29610/- |
| Indus | 8/708b | 2013-2023 | 3249/- |
| Indus | 16/340 A | 2022-23 | 20664/- |
| | | ആകെ | 87732/- |

മൊബൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുണ്ടെങ്കിൽ ആയത് പിരിക്കുന്നതിനായി സർക്കുലർ നം.40395/RC2/ 2014/L.S.G.D തിയതി-19-10-2014പ്രകാരം സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതാണ്. പ്രസ്തുത കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ അന്വേഷണകുറിപ്പ് 5/23-ന് മറുപടി നൽകിയില്ല. കുടിശ്ശിക ഈടാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 നികുതി വരവുകളുടെ ശേഖരണം - അവലോകനം

തദ്ദേശസ്വയം ഭരണ(എ.എ)വകുപ്പിന്റെ 22/12/2022-ലെ എ.എ3/45/2022 തസ്വഭവ നമ്പർ കത്ത് പ്രകാരം ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ടാക്സ് ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യക്കുന്നതിനായി ചുവടെ ആവശ്യപ്പെടുന്ന വിവരങ്ങൾ അന്വേഷണകുറിപ്പ് 15/23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും അവ ലഭ്യമാക്കുകയോ, അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് മറുപടി നൽകുകയോ ചെയ്തില്ല. ലഭ്യമായ ഫയലുകളിൽ നിന്നുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

A.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

1. സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി സ്വീകരിച്ചതായ വിവരവും ആയത് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതായ രേഖയോ പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തതായി കാണുന്നില്ല.

3. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക 2319571/- രൂപയാണ്. ആയത് പിരിച്ചെടുക്കുവാൻ ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്ന തുക പിരിച്ചെടുക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ലായെന്ന് മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

4. 01.04.2023 മുതൽ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിന്റെ വിവരം ലഭ്യമല്ല.

5. വിവിധയിനം നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് എന്നിവയിലുള്ള പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേകയോഗങ്ങൾചേർന്ന് നടപടികൾക്ക് ശുപാർശ ചെയ്തിട്ടില്ല.

B.വസ്തുനികുതി

1.സ.ഉ.(അ)നം.19/2011/തസ്വഭവ.തിയതി 14-1-2011 പ്രകാരം ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി പട്ടിക 1 ആയി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.ആയത് പ്രകാരം പാർപ്പിട കെട്ടിടങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 3 രൂപയും ഏറ്റവും കൂടിയ നിരക്ക് 8 രൂപയുമാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക് ഏറ്റവും കുറഞ്ഞ നിരക്കായ 3 രൂപയാണ്.ഗ്രാമപഞ്ചായത്ത് ഏറ്റവും കുറഞ്ഞനിരക്ക് നിശ്ചയിച്ചതുവഴി തനത് വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നു.ആയത് കാരണം ഭാവിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിന്റെ കുറവ് തടസ്സം സൃഷ്ടിക്കാവുന്നതാണ്.

1. 2022-23 സാമ്പത്തിക വർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതിയുടെ പിരിവ് ഊർജിതമല്ല.

2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി.ലേയും വാർഷികധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയോ, റോഡ് മാപ്പ് തയ്യാറാക്കുകയോ സഞ്ചയയിൽ അപ് ലോഡ് ചെയ്യുകയോ ചെയ്തിട്ടില്ല.

4. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തിട്ടില്ല.

5. പഞ്ചായത്തിൽ നിലവിൽ ഏതൊരു സേവനഉപനികുതി ചുമത്തുകയോ, പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

6. ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7. തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

8. കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.

C.തൊഴിൽനികുതി

1. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ലൈസൻസ് നൽകുന്ന വഴി പൂർണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമാവുന്നില്ല.

3. ഇൻഡോർ ക്ലബ്,ടർഫ് കോർട്ട്,സ്റ്റേഡിയങ്ങൾ,കേബിൾ, ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണനമേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

4. പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്തിലെ നികുതി ഉൾപ്പടെയുള്ള വിഭവശേഖരണം 100% ആക്കുന്നതിന് പഞ്ചായത്ത് നടപടികൾ ഊർജിതമാക്കേണ്ടതാണ്.പഞ്ചായത്തിലെ തനത് ഫണ്ടിന്റെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കാത്തത് ഭരണസമിതി ചർച്ചചെയ്യേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 അനധികൃത കെട്ടിടത്തിൽ മേൽ തുടർനടപടി അനിവാര്യം.

27/12/2022-ലെ SC3-6571/22നമ്പർ ആയി ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് 24/1/2023- ലെ 400247/GGR112/GPO/22 /6571(1)നമ്പരായി ശ്രീമതി.ധന്യ.സി-എന്നയാൾക്ക് നൽകിയ മറുപടിയിൽ 3/292നമ്പർ കെട്ടിടത്തിൽ ജിംനേഷ്യത്തിന് അനുമതി നൽകിയിട്ടില്ലായെന്നും,കെട്ടിടത്തിന് അസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 36.1m2വിസ്തൃതിയുള്ളതായും,എന്നാൽ എഞ്ചിനിയറിംഗ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ടി കെട്ടിടത്തിന് 295.20m2 വിസ്തീർണം ഉള്ളതായി റിപ്പോർട്ട് ലഭിച്ചതായും ആയത് പ്രകാരം ടി കെട്ടിടം റഗുലൈറൈസ് ചെയ്തത് ശേഷം മാത്രമേ മറ്റു നടപടികൾ സ്വീകരിക്കുവെന്ന് അറിയിച്ചിട്ടുണ്ട്. എഞ്ചിനിയറിംഗ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ടി കെട്ടിടത്തിന് 295.20m2 വിസ്തീർണം ഉള്ളതായി റിപ്പോർട്ട് ലഭ്യമായതിനാൽ മേൽ വിവരിച്ച കെട്ടിടം നിയമാനുസൃതമായി റെഗുലറൈസേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മറ്റ് തുടർനടപടിയുടെ വിവരവും ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 27/23 -ന് മറുപടി ലഭ്യമാക്കിയില്ല.നിലവിൽ അനധികൃത കെട്ടിടമായി കണക്കാക്കേണ്ടതിനാൽ ഉടമയ്ക്ക് നോട്ടീസ് നൽകി നിയമാനുസൃതം ക്രമവൽക്കരിക്കേണ്ടതും ,ക്രമവൽക്കരിക്കുവാൻ നിയമ തടസ്സം ഉണ്ടെങ്കിൽ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഭരണസമിതിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.തുടർനടപടിവിവരവും അന്വേഷണകുറിപ്പിനുള്ള മറുപടിയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 സംരഭകത്വ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വസ്തുനികുതിയൊടുക്ക് വിവരവും ഉപയോഗക്രമവും ലഭ്യമാക്കിയിട്ടില്ല

FTEAOS ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സഞ്ചയയിലെ ഉപയോഗ ക്രമവും വസ്തുതികുതി ഒടുക്ക് വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 24/2021-22 തീയതി :22.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | വ്യാപാര സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 7/346 | ശ്രീ. അജിത് ലാൽ.എൻ | ലാൽ ടൂവീലർ വർക്ക്സ് |
| 2 | 18/123B | ശ്രീ.രാജേഷ്.റ്റി.എസ് | കൃഷ്ണ പ്രൊവിഷൻസ് |
| 3. | 18/275D | ശ്രീ.തോമസ് വർഗ്ഗീസ് | സെഡാർ റീട്ടെയ്ൽ |
| 4. | 1/55A | ശ്രീ.ജസ്റ്റിൻ ജോയ്.ജെ | E.A പേപ്പർ കപ്പ് |
| 5. | 13/694A | ശ്രീ. രേണുകുമാർ | മഹാദേവ എന്റർപ്രൈസസ് |
| 6. | 19/626 | ശ്രീമതി ജയകുമാരി എസ് | വി എസ് സ്റ്റോർ |
| 7. | 19/28A | ശ്രീമതി രേണുദേവി | അമ്പാടി ഫ്യൂവൽസ് |
| 8. | 20/381A | ശ്രീ. ബി.എസ് രജനികാന്ത് | ആശാ സാമിൽ |
| 9. | 21/267 | ശ്രീ.ജിതേഷ് കെ.എസ് | SK ഹയർ സർവ്വീസ് |

| | | | |
|---|---|---|---|
| 10. | 6/16 | ശ്രീ.ചന്ദ്രമോഹനൻ | ചന്ദ്രോദയം ഫർണിച്ചർ |
| 11. | 9/617 | ശ്രീ. ജയൻ കെ.പി | സിന്ദൂരം ഫാൻസി |
| 12. | 18/65,66 | ശ്രീ. ഉദയകുമാർ എം | ഉദയാ സ്റ്റോർ |
| 13. | 8/640B | മാനേജർ | സപ്ലൈക്കോ |
| 14. | 19/286 | ശ്രീ. സുനിൽ.ബി | സുബിൻ അക്വേറിയം |
| 15. | 19/259 | ശ്രീമതി സുജ.കെ | AVS സ്പെയർ പാർട്ട്സ് |
| 16. | 3/554A | ശ്രീ. അമാൻ | താജ് ഹോളോബ്രിക്സ് |
| 17. | 4/236 | ശ്രീമതി റീന ജാസ്മിൻ | ശാന്തിഗിരി ആയുർവേദ |
| 18. | 19/528 | ശ്രീ. ജ്യോതിർ ഘോഷ് | റിലയൻസ് |
| 19. | 8/438A | ശ്രീ. സുരേഷ് കുമാർ | പി.സി.എം.എസ് പെസ്റ്റ് കൺട്രോൾ |
| 20. | 8/52 | ശ്രീ. തങ്കപ്പൻ.കെ | ദേവ്യൂസ് ബേക്കറി |

മറുപടിയുടെ അഭാവത്തിൽ, പഞ്ചായത്തിന്റെ ലൈസൻസ് കരസ്ഥമാക്കിയ മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും, ലൈസൻസ് അനുവദിക്കുന്നതിനുള്ള മുൻ നിബന്ധനയെന്നവണ്ണം. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിത്തുകകൾ കുടിശ്ശികയില്ലാതെ ശരിയായ നിരക്കിൽ ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയത് പരിശോധിച്ചുറപ്പിക്കുന്നതിലേക്കായി ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-19 ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

സ.ഉ.(പി) നം. 177/2006/ധന തീയതി 12.04.2006 ഖണ്ഡിക 18.3 പ്രകാരം എല്ലാ നിർവഹണാധികാരികളും റ്റി.ആർ.7എ മാതൃകയിൽ വകുപ്പുതല ഫണ്ടിന്റെയും, എൽ.എസ്.ജി.ഐ. ഫണ്ടിന്റെയും വരവ്, ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറി, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ നിർവഹണോദ്യോഗസ്ഥർ റ്റി.ആർ.7എ മാതൃകയിൽ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

## 1-20 അഡ്വക്കേറ്റ് ഫീസിനത്തിലെ ചെലവിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല- രൂപ 30000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

കണ്ടിജന്റ് ബില്ലുകൾ പരിശോധിച്ചതിൽ നിന്നും അഡ്വക്കേറ്റ് ഫീസിനത്തിൽ ചുവടെ പറയും പ്രകാരം തുകകൾ ചെലവായിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. / തീയതി | തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22200275 | 32740/ 05.07.2022 | 15000 | കേസ് നം.599/2022 |
| 2 | 22200907 | 34334/ 06.01.2023 | 15000 | കേസ് നം.2340/2019 |
| ആകെ | | | 30000/- | |

കേസ് ഫയലും അനുബന്ധ രേഖകളും സ്യൂട്ട് രജിസ്റ്റർ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 04/2021-22 തീയതി: 19.09.2023 യിൻ മേൽ ഫയലുകൾ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഇക്കാരണത്താൽ മേൽ ഇനത്തിൽ ചെലവിട്ട രൂ.30000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-21 2.66 കോടിയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ബി 18 ലോൺസ്, അഡ്വാൻസസ്, ഡെപ്പോസിറ്റ്സ് പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള തുകകൾ ക്രമീകരിക്കുവാനവശേഷിക്കുന്നു.

| ഹെഡ് | 31.03.2023 ൽ ക്രമീകരിക്കാനവ ശേഷിക്കുന്ന തുക |
|---|---|
| 460500201 അഡ്വാൻസ് ടു കെ.ഡബ്ല്യു.എ | 11335077 |

| | |
|---|---|
| 460500202 അഡ്വാൻസ് ടു കെ.എസ്.ഇ.ബി. | 14880728 |
| 460500205 അഡ്വാൻസ് ടു പി.ഡബ്ല്യു.ഡി | 479133 |
| ആകെ | 26694938 |

മേൽ തുകകൾ ഏതൊക്കെ പദ്ധതികൾക്കായി ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതാണ് എന്നത് വ്യക്തമാക്കിയില്ല. 2014-15 മുതലുള്ള സാമ്പത്തിക വർഷങ്ങളിലായി നിക്ഷേപിക്കപ്പെട്ടതാണ് പ്രസ്തുത തുകകൾ എന്നും, പ്രവൃത്തികൾ പൂർത്തീകരിച്ചതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 17) മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ അപൂർണ്ണമാണ്. ആയതിനാൽ ഏതൊക്കെ പദ്ധതികൾക്കായി തുക നിക്ഷേപിച്ച് നൽകി എന്നത് വ്യക്തമല്ല. മുൻ പദ്ധതി രേഖകൾ പരിശോധിച്ച് പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും, പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്. പൂർത്തിയായ പ്രവൃത്തികളുടെ ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ ടി സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ഫണ്ട് വിനിയോഗം ഉറപ്പ് വരുത്തേണ്ടതാണ്. പ്രവൃത്തികൾ പൂർത്തിയായിട്ടുള്ള വിവരവും, സേവനങ്ങൾ തദ്ദേശീയർക്ക് ലഭിക്കുന്നുണ്ട് എന്ന വിവരവും ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതികളും ഉറപ്പ് വരുത്തേണ്ടതാണ്.

നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 16/ 2023 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 250000/- (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് തുക | 250000/- |
| ബിൽ നം. | 3/23 തീയതി. 20.01.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബിൽ നം. 3 /23 തീ. 20.01.23 പ്രകാരം 250000/- രൂപ മരുന്ന് ലഭ്യമാക്കുന്നതിലേയ്ക്കായി ഹോംകോയുടെ അക്കൌണ്ടിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകളൊന്നും ലഭിച്ചതായി ഫയൽ പരിശോധനയിൽ കണ്ടെത്താനായില്ല. ഇതു സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം. 6/19.08.2023 ന് 89000/- രൂപയുടെ മരുന്നുകൾ ന് ലഭിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 161,000/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. മരുന്നുകൾ പൂർണമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി -വീട് നിർമ്മാണം പൂർത്തീയാക്കിയിട്ടില്ല.

ലൈഫ് ഭവന പദ്ധതി (പട്ടികജാതി, പട്ടികവർഗം ഫിഷറീസ്) അഡിഷണൽ ലിസ്റ്റിലുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമാണം എന്ന പദ്ധതി പ്രകാരം തുകകൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി പൂർത്തിയാക്കാത്ത (കരാർപത്രത്തിൽ പൂർത്തീകരണ കാലാവധി 6 മാസമായാണ് നിഷ്കർഷിച്ചിരിക്കുന്നത്) ഗുണഭോക്താക്കളുടെ വിവരം (ലൈഫ് SC/ST Additional List Register പ്രകാരം) ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (സർക്കിൾ 2)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക കൈപറ്റിയതിന്റെ വിവരം |
|---|---|---|
| 1. | വിഷ്ണു.എ, കരിശുംമൂട് | 7.11.22 – 40000/-<br>21.3.22-160000/- |
| 2 | ഓമന.എസ്സ്, ളുങ്ങാംപാറ | 7.11.22 - 40000/-<br>9.1.23 - 160000/-<br>13.3.23 - 100000/- |
| 3 | സുബീന്ദ്രൻ കെ.എസ്സ് | 29.12.21 – 40000/-<br>1.11.22 – 100000/- |

| | | |
|---|---|---|
| | | 7.11.22 - 60000/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/ 24.08.2023) മേൽ വ്യക്തികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട തുടർനടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-24 തുകകൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി ആരംഭിച്ചിട്ടില്ല.

സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40000(10%), 160000(40%), 100000(25%), 100000(25%) എന്നിങ്ങനെയാണ് അനുവദിച്ച നൽകേണ്ടത്. പദ്ധതിയുടെ കരാർ ചമയ്ക്കുന്ന സമയത്ത് മുൻകൂറായി ആദ്യഗഡു തുകയായ 40000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

എന്നാൽ തുകകൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക കൈപറ്റിയതിന്റെ വിവരം |
|---|---|---|
| 1. | ശ്രീകുമാർ കെ , ഊരൂട്ടമ്പലം | 29.8.22- 40000/- |
| 2 | ശിശുപാലൻ, മുണ്ടൻചിറ | 29.8.22 - 40000/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 44/ 24.08.2023) മേൽ വ്യക്തികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വീട് നിർമാണം ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-25 ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തുന്നുവെങ്കിലും ചെലവഴിക്കുന്നില്ല.

ലൈഫ് ഭവന പദ്ധതി-വസ്തുവാങ്ങൽ എസ്.സി (പ്രോജക്ട് നം 108), എന്ന പദ്ധതിയിൽ വികസനഫണ്ട്, സംസ്ഥാനാവിഷ്കൃതഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവയുൾപ്പെടെ ആകെ യഥാക്രമം 4275000/-രൂപ വകയിരുത്തിയിരുന്നു. മേൽ പദ്ധതിയിൽ വികസനഫണ്ടിൽ നിന്ന് ആകെ 675000/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാനാവിഷ്കൃതഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ വകയിരുത്തിയിരുന്നുവെങ്കിലും അവ ചെലവഴിച്ചിട്ടില്ല. സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീ 19.04.2022 ഖണ്ഡിക 3.5.4 പ്രകാരം സംയുക്ത പ്രോജക്റ്റിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിനു മുൻപ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതും ജില്ലാ ആസൂത്രണസമിതി വിളിച്ചു ചേർത്ത യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22/ 22.08.2023 ന് മതിയായ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ആവശ്യമായിരുന്നില്ലായെന്നും തുടർന്നുള്ള വർഷങ്ങളിൽ കരാറിൽ ഏർപ്പെടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് അറിയിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവുകൾ പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയ്ക്കനുസൃതമായി സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച വിനിയോഗിക്കാനാവാത്ത തുക തിരികെ ഒടുക്കിയില്ല

പദ്ധതികൾക്കായി വിവിധ സർക്കാർ/ഇതര ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകൾ അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ വിനിയോഗിക്കണമെന്നും, ഇപ്രകാരം ചെലവാക്കാനാകാത്ത തുക തിരികെ ഒടുക്കണമെന്നുമിരിക്കെ വിവിധ പദ്ധതികൾക്കായി ലഭിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് | ആവശ്യം/തുക ലഭ്യമാക്കിയ സ്ഥാപനം/പദ്ധതി |
|---|---|---|
| 320100116<br>പി.എം.എ.വൈ ജനറൽ | 340000 | ഐ.എ.വൈ പദ്ധതിക്കായി മുൻവർഷങ്ങളിൽ ലഭിച്ചത്. |
| 320100128<br>എം.ജി.എൻ.ആർ.ഇ.ജി.എസ്. | 414060 | ജില്ലാപഞ്ചായത്ത് വിഹിതം 400000/- രൂപയും എം.ജി.എൻ.ആർ.ഇ.ജി.എസ്. |

| | | |
|---|---|---|
| | | ഫണ്ട് 950/-+ പലിശയും ഉൾപ്പെടുന്ന തുക |
| 320300199 ഗ്രാന്റ്സ് ഫണ്ട്സ് ആന്റ് കോൺട്രിബ്യൂഷൻസ്- അദർ ഗവ. ഏജൻസീസ് | 660717 | ലൈഫ് സംസ്ഥാന വിഹിതം നീക്കിയിരിപ്പ് തുകയും, പലിശയും ഉൾപ്പെടുന്ന തുക |
| 320700102 ജോയിന്റ് വെൻചർ പ്രോജക്ട്സ് - മുനിസിപ്പൽ കോർപ്പറേഷൻസ് | 2200524 | അർബൻ അഗ്ലോമറേഷനായി കോർപ്പറേഷനിൽ നിന്നും ലഭിച്ചത് |
| ആകെ | 3615301 | |

മേൽ പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ക്രമമല്ല. തുകകൾ വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം അടിയന്തിരമായി ബന്ധപ്പെട്ട ഫണ്ടിന്റെ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-27 നിക്ഷേപ പ്രവൃത്തികളിൽ നിന്നും തിരികെ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ബാലൻസ് ഷീറ്റ് B-9 350400999 റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് പ്രയർ പിരീഡ് ഹെഡിൽ 11,57,758/- രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചതിൽ നിന്നും, തിരികെ ലഭ്യമായതാണെന്ന ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.17) മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ അപൂർണ്ണമാണ്. തൻവർഷം നിക്ഷേപിച്ചു നൽകിയ തുകയുടെ വിവരങ്ങളാണ് പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻവർഷ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കെ.ഡബ്ല്യു.എ. യ്ക്ക് നിക്ഷേപിച്ചു നൽകിയ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നോ, ഏതൊക്കെ പ്രവൃത്തികളുടെ നിക്ഷേപതുകയിൽ നിന്നാണ് നീക്കിയിരിപ്പ് ലഭിച്ചത് എന്നോ വ്യക്തമല്ല. ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും, ഏതൊക്കെ ഫണ്ടിൽ നിന്നും അനുവദിച്ച തുകകൾക്കാണ് നീക്കിയിരിപ്പ് ലഭിച്ചിട്ടുള്ളത് എന്നും, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടും, ഗ്രാമപഞ്ചായത്തിന്റെ മുൻ പദ്ധതി ചെലവുരേഖകൾ പരിശോധിച്ചും ഉറപ്പു വരുത്തേണ്ടതും, നീക്കിയിരിപ്പിനത്തിൽ തിരികെ ലഭിച്ച തുക ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കു വരുത്തേണ്ടതുമാണ്. തുക തിരികെ ഒടുക്കിയതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കേണ്ടതാണ്.

## 1-28 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം --വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 237500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം 102/22

പ്രോജക്റ്റിന്റെ പേര് കന്നുകുട്ടി പരിപാലനം

അടങ്കൽ --525000-(വികസന ഫണ്ട് -ജനറൽ, ഗുണഭോക്തൃ വിഹിതം

ചെലവ് --237500 (വികസന ഫണ്ട് -ജനറൽ)

എ സി ആർ ബിൽ നം --02/28-02-23തുക 237500/-

നിർവ്വഹണോദ്യോഗസ്ഥൻ --വെറ്ററിനറി സർജ്ജൻ

മൃഗാശുപത്രിയിലെ കന്നുകുട്ടി രജിസ്റ്ററിൽ പേരു ഉൾപ്പെടുത്തിയിട്ടുള്ളവരെ ഗ്രാമ സഭ മുഖാന്തിരം തെരഞ്ഞെടുത്ത് 4-6 മാസം പ്രായമായ 42 കന്നുകുട്ടികൾക്ക് 30 മാസം വരെയോ പ്രസവിക്കുന്നതുവരെയോ തീറ്റ നൽകുന്നതിനായാണ് മേൽ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത് . 19 ഗുണഭോക്താക്കൾക്ക് 12500രൂപ നിരക്കിൽ എസ് എൽ ബി പിയിൽ അടവാക്കുന്നു. വിവിധ സംഘങ്ങളിൽ നിന്നുമാണ് കാലിതീറ്റ വിതരണം ചെയ്യുന്നത്. മേൽ ബിൽ പ്രകാരം 237500/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. 2020-21 , 2021-22, 2022-23, വർഷങ്ങളിൽ എസ്.എൽ.ബി.പി ക്ക് കൈമാറിയ തുകയുടെയും പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെയും വിശദാംശം ലഭ്യമാക്കുന്നതിനും,Thrown Out ആയ ഗുണഭോക്താക്കളുടെ എണ്ണം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം -43/24-08-23) ആയത് ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ , ഗുണഭോക്തൃ ലിസ്റ്റ്, കന്നുകുട്ടി ജനന രജിസ്റ്ററിൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയവരുടെ എൻറോൾമെന്റ് വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കുന്നതിനായി

ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ രേഖകളും വിനിയോഗ വിവരവും ലഭ്യമാക്കുന്നതു വരെ 237500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ 1023399- രൂപ തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ 2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ, വാങ്ങിയ ഉൽപാദനോപാദികൾ സ്റ്റോക്കിലെടുത്തതിന്റെയും, അവ വിതരണം ചെയ്തതിന്റെയും രേഖകൾ, സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ, മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവുവിഹിതം ഏപ്രകാരം കൈമാറിയെന്നുള്ള രേഖ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം. | അടങ്കൽ/ചെലവ് | അപാകത (മേൽ സൂചിപ്പിച്ചതിനു പുറമേയുള്ളവ) |
|---|---|---|---|
| 1 | കേര ഗ്രാമം നാളികേരനഴ്സറി 31/22-23 (SO) | 1800000/1800000 (ജില്ലാപഞ്ചായത്ത് വിഹിതം) | A. ടി പദ്ധതിയ്ക്കായി 07/03/23- ൽ നാളികേര വിത്ത് വാങ്ങിയ വകയിൽ ചെലവായ 753500/- രൂപയുടെ ഇൻവോയ്സ് ബിൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.<br>B. 24/03/23- ൽ 11680/- രൂപ മാറിയ ബില്ലിൽ ശ്രീ മോഹനൻ പി എന്ന വ്യക്തി വൗച്ചർ പ്രകാരം 2500/- രൂപ കൈപ്പറ്റിയതായിട്ടാണ് കാണുന്നത്. എന്നാൽ പ്രസ്തുത തുകയ്ക്ക് പകരം 3500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്കാണ് മാറിയിട്ടുള്ളത്. |
| 2 | കേര ഗ്രാമം -നാളികേര നഴ്സറി (New) 98/22-23 | അടങ്കൽ/ചെലവ് ---625000/625000 (പൊതുവിഭാഗം)<br>ആകെ -- 625000/625000<br>ബിൽ നം --01/22, 23/12/22, 605000/-<br>04/22, 07/02/23, 11180/-<br>07/22, 31/03/23, 8820/- | A. ടി പദ്ധതിയ്ക്കായി നാളികേര വിത്ത് വാങ്ങിയ വകയിൽ ചെലവായ 605000/- രൂപയുടെ ഇൻവോയ്സ് ബിൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. |
| 3 | ഞങ്ങളും കൃഷിയിലേയ്ക്ക്-- പച്ചക്കറി തൈ വിതരണം 128/22-23 | അടങ്കൽ/ചെലവ് ---100000/100000 (പൊതുവിഭാഗം)<br>ആകെ -- 100000/100000<br>ബിൽ നം --02/22, 23/12/22, 100000/- | A. ബ്ളോക്ക് നഴ്സറി ബാലരാമപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് പച്ചക്കറി തൈകൾ വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ, വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന നഴ്സറിയാണോ എന്നത് വ്യക്തമല്ല. (സ.ഉ(കൈ)നം 115/2022, തീയതി 28/05/22)ഖണ്ഡിക 6.1.4(7) പ്രകാരം |
| 4 | കാർഷിക ലേബർ ബാങ്ക്/ 199/22-23 | അടങ്കൽ--- 1000000(പൊതുവിഭാഗം)<br>ആകെ ചെലവ് -- 923399 (ബിൽബുക്ക് പ്രകാരം)<br>ബിൽ നം --11/22, 31/03/23, 249312/-<br>12/22,31/03/23, 385800/-<br>13/22,31/03/23, 288287/- | ടി പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുരേഖകൾ, പ്രോജക്ട് ഫയലുകളും, അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |

മേൽ വിഷയങ്ങളുടെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (11/22, 21/08/23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച രേഖകൾ (ക്രമനം 3,4) ഹാജരാക്കാത്തതിനാൽ 1023399/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-30 വെള്ളക്കരം ഒടുക്കിനത്തിലെ അധിക ചെലവ് ഒഴിവാക്കേണ്ടത്- അനിവാര്യം

പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വാട്ടർ അതോറിറ്റിക്ക് തുക ഒടുക്കിയിട്ടും ജലം ലഭ്യമാകാത്ത പൊതുടാപ്പുകളുടെ എണ്ണം എത്രയാണെന്നും സൗജന്യ കുടിവെള്ള കണക്ഷനായി , ജല ജീവൻ മിഷൻ പോലുള്ള , പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിൽ ഉപയോഗം തീരെ കുറവായ പൊതുടാപ്പുകളെ കണ്ടെത്തി അവയുടെ എണ്ണം പരിമിതപ്പെടുത്തി ഈ ഇനത്തിലെ ചെലവ് കുറക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം ഓഡിറ്റ് എൻക്വയറി (നമ്പർ - 10/2021-22 തീയതി :20.08.2023) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാട്ടർ അതോറ്റിയിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം 503 ടാപ്പുകൾക്ക് രൂ.5788.13/- നിരക്കിൽ 2911429/- രൂപയാണ് 2022-23 വർഷം ഈ ഇനത്തിൽ പഞ്ചായത്ത് വാട്ടർ അതോറ്റിക്ക് നൽകേണ്ട തുക ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ കുടിവെള്ള കണക്ഷനുകളുൾപ്പടെ നിരവധി പദ്ധതികൾ നിലവിലുള്ളതിനാൽ , പൊതു ടാപ്പുകളുടെ എണ്ണം കുടിവെള്ള കണക്ഷൻ പദ്ധതികൾ നിലവിൽ വരുന്നതിന് മുൻപ് ഉണ്ടായിരുന്നതിൽ നിന്നും തികച്ചും ആവശ്യമായ എണ്ണത്തിലേക്ക് പരിമിതപ്പെടുത്താവുന്നതാണെങ്കിലും അപ്രകാരം ചെയ്യാത്തതിനാൽ , ഈ ഇനത്തിൽ നിലവിൽ അധികച്ചെലവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.അധികച്ചെലവ് ഒഴിവാക്കുന്നതിലേക്കായി ഉപയോഗം തീരെ കുറവായ പൊതുടാപ്പുകളെ കണ്ടെത്തി അവയുടെ എണ്ണം പരിമിതപ്പെടുത്തിയും പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്കാനുപാതികമായ തുക വാർഷിക വെള്ളക്കരത്തിൽ നിന്നും കുറവുചെയ്തുകൊണ്ടും ഈ ഇനത്തിലെ അധികച്ചെലവ് ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പകൽവീട് തുടർപ്രവർത്തനം -പകൽ വീട് തുറന്നുപ്രവർത്തിക്കാതെതന്നെ അടുക്കള ഉപകരണങ്ങൾ വാങ്ങി, രൂ.39844/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 213/2022-23 |
| പേര് | പകൽവീട് തുടർപ്രവർത്തനം |
| അടങ്കൽ | രൂ.100000/- (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 39844/- രൂപ |
| ബിൽ നം | 409/2022-23 Dtd 20.03.2023 രൂപ 39844/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പഞ്ചായത്തിലെ പകൽവീടിന്റെ പ്രവർത്തനങ്ങൾക്കായി മേൽ പദ്ധതി പ്രകാരം വിവിധ അടുക്കള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.പഞ്ചായത്തിലെ പകൽവീട് പ്രവർത്തക്ഷമമല്ലെന്ന വിവരം 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ, പകൽവീട് 2022-23ൽ പ്രവർത്തിച്ചതിനുള്ള തെളിവുകൾ (അന്തേവാസികളുടെ ഹാജർ വിവരം,കെയർ ടേക്കറുടെ വേതന വിവരം, ഹെൽപ്പറുടെ വേതന വിവരം, ഇലക്ട്രിസിറ്റി- വാട്ടർ ബില്ലുകൾ എന്നിവ) ഓഡിറ്റ് എൻക്വയറി നമ്പർ - 19/2022-23 തീയതി :22.08.2023 മുഖാന്തിരം ആവശ്യപ്പെട്ടതിന് പകൽവീടിനായുള്ള എരുത്താവൂർ കുരിശോട്ടുകോണത്തുള്ള കെട്ടിടം പഞ്ചായത്ത് തുറന്നു നൽകിയിട്ടില്ലെന്നും ആയതിനാൽ പകൽവീടിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി വാങ്ങിയ സാധനങ്ങൾ കെട്ടിടത്തിന്റെ സിറ്റൗട്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. കൂടാതെ, പകൽവീട് നിലവിലും അടച്ച് പൂട്ടിയ നിലയിലാണെന്ന് 24.08.2023 ന് നടന്ന സ്ഥല പരിശോധനയിലും വ്യക്തമായിട്ടുണ്ട്. പ്രവർത്തന സജ്ജമാക്കാതെ തന്നെ പകൽവീടിലേക്കുള്ള പാത്രങ്ങളടക്കമുള്ള വിവിധ അടുക്കള ഉപകരണങ്ങൾ വാങ്ങി ശേഖരിച്ചതിനുള്ള സാഹചര്യവും ആയതിന്റെ ആവശ്യകതയും വിശദമാക്കേണ്ടതാണ്. തൃപ്തികരമായ വിശദീകരണം ലഭ്യമാകുന്നതുവരെ ഈ ഇനത്തിൽ ചെലവായ രൂ.39844/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31-1 പകൽ വീട് പ്രവർത്തിക്കുന്നില്ല - 36000/- തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - പകൽ വീടിന് അടിസ്ഥാന സൗകര്യം ഒരുക്കൽ

പ്രോജക്ട് നമ്പർ – S0085/23

ചെലവ് തുക – 36000/- (Bill No. 29/23 Dtd.23.3.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പകൽ വീടിന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പദ്ധതി പ്രകാരം SK Furniture എന്ന സ്ഥാപനത്തിൽ നിന്നും കസേര, ഓഫീസ് ടേബിൾ, കട്ടിൽ, ഗ്യാസ് സ്റ്റൗ, ഫോൾഡിംഗ് ടേബിൾ എന്നീ ഉപകരണങ്ങൾ വാങ്ങി. പ്രസ്തുത ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. 24.8.23 ൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ പകൽ വീട് പ്രവർത്തനമില്ലാതെ അടഞ്ഞ് കിടക്കുന്നതായി കണ്ടു. പ്രവർത്തനമില്ലാത്ത പകൽ വീടിനായി ഉപകരണങ്ങൾ വാങ്ങിയത് ധനദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ഉപകരണങ്ങൾ ലഭ്യമായതിന്റെ സ്റ്റോക്ക് രജിസ്റ്റർ, പകൽ വീട് പ്രവൃത്തിക്കുന്നതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 പ്രീ മൺസൂൺ ക്ലീനിംഗ്- രേഖകൾ ഹാജരാക്കിയിട്ടില്ല- രൂ.210000/-തടസ്സപ്പെടുത്തുന്നു

കണ്ടിജന്റ് ബില്ലുകൾ പരിശോധിച്ചതിൽ നിന്നും പ്രീ മൺസൂൺ ക്ലീനിംഗ് പ്രവർത്തനങ്ങൾക്കായി ചുവടെ പറയും പ്രകാരം മെഡിക്കൽ ഓഫീസർക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22200124 | 31569/18.05.2022 | 210000 | ഒരു വാർഡിന് 10000/- രൂപ നിരക്കിൽ 21 വാർഡുകൾക്ക് |

മുൻകൂറിന്റെ ക്രമീകരണ വിവരം, ആവശ്യമായ ചെലവുരേഖകൾ സഹിതം, ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -16/2021-22 തീയതി: 22.08.2023 - ന് മേൽ ചെലവിനുള്ള രേഖകളോ വൗച്ചറുകളോ മുൻകൂർ ക്രമീകരിച്ചതിനുള്ള വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ ചെലവു രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലെ ചെലവായ രൂപ 210000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 ഇ.എം.എസ്. ഭവനപദ്ധതിക്കായി അനുവദിച്ചതിൽ തിരികെ ലഭ്യമായ തുക സർക്കാരിലേക്ക് തിരികെ ഒടുക്കിയില്ല

ബാലൻസ് ഷീറ്റ് ബി4 320100999 അദർ ലയബിലിറ്റീസ് ഹെഡിൽ 565566/- രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 5,65,306/- രൂപ മുൻവർഷങ്ങളിൽ ഇ.എം.എസ്. ഗുണഭോക്താവിനു അനുവദിച്ചതിൽ ലഭിച്ച തിരിച്ചടവ് ആണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.17) മറുപടിയായി അറിയിച്ചിട്ടുണ്ട്. ഇ.എം.എസ്. ഭവനപദ്ധതി വികസനഫണ്ട് ഉപയോഗപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ ഈയിനത്തിൽ തിരികെ ലഭ്യമായിട്ടുള്ള തുക സർക്കാർ നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ - തുടർ പ്രവർത്തനവിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 92/2022-23 |
| പേര് | സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ |
| അടങ്കൽ | രൂപ 16697/- (വികസനഫണ്ട്-പൊ.വി) |
| ചെലവ് | രൂപ 12926/- |
| ബിൽ നം. | 221/2022-23 Dtd 29.12.2022, രൂപ 2329/-<br>326/2022-23 Dtd 25.02.2023, രൂപ 10597/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതിയുടെ ഭാഗമായി സ്ത്രീകളുടെ അവസ്ഥാ പഠനവുമായി ബന്ധപ്പെട്ട് വാർഡുകളിൽ സർവ്വേ നടത്തുന്നതിന് ശ്രീമതി റിജുഷഎസ്, ശ്രീമതി അഖില യു.യു എന്നിവരെ നിയമിച്ച് 29.10.2022 (നം.21) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ സംബന്ധിച്ച, വിവര ശേഖരണ ഷീറ്റുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്.വിവര ശേഖരണത്തിന് തുടർച്ചയായുള്ള വിവരങ്ങളുടെ ക്രോഡീകരണം, പഠന റിപ്പോർട്ട് തയ്യാറാക്കൽ നടപടികൾ എന്നിവയുടെ സ്ഥിതി വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 19/2022-23 തീയതി : 22.08.2023) ക്ക് പഠന വിവരങ്ങൾ ശേഖരിക്കുന്നതിനായി ജില്ലാ തലത്തിൽ ഒരു സോഫ്റ്റ് വെയർ

വികസിപ്പിച്ചിരുന്നതായും ആ സോഫ്റ്റ് വെയർ മുഖാന്തിരം ശേഖരിച്ച ഡാറ്റാ ക്രോഡീകരിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നതെന്നും ജില്ലാ തലത്തിൽ ക്രോഡീകരിച്ച ഡാറ്റാ വിശകലനം ചെയ്തതിനുശേഷം റിപ്പോർട്ടായി ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കി, റിപ്പോർട്ടിലെ വിവരങ്ങൾ ആസ്പദമാക്കി, ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ വിവര ശേഖരണത്തിന് പദ്ധതി പണം ചെലവിട്ടതുകൊണ്ട് ഫലമുണ്ടാവുകയുള്ളുവെന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിലുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 ബഡ്സ് സ്കൂൾ വാഹനം/ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിന്റെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളKL 74 B 4372 എന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ 09.03.2022 മുതലുള്ള രേഖപ്പെടുത്തലുകളാണുള്ളത് (സ്റ്റാർട്ടിംഗ് കി.മീ. 3250എന്ന രേഖപ്പെടുത്തിയിരിക്കുന്നു). ലോഗ് ബുക്കിൽ ഡ്രൈവറോ, ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ ഒപ്പു വച്ചിട്ടില്ല. യാത്രയുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. യാത്രാവിവരങ്ങൾ സെയിം റൂട്ട്, കുറച്ചു സ്ഥലങ്ങൾ, കൂടുതൽ സ്ഥലങ്ങളിൽ പോയി എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. യാത്ര ചെയ്ത സ്ഥലം/റൂട്ട് രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ.(സാധാ)നം.170/07തസ്വഭവ തീയതി 30.06.2007 പ്രകാരം വാഹനങ്ങളിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും, ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽ വാഹനത്തിൽ ഇന്ധനം ഫിൽ ചെയ്യുന്നത് ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇന്ധനം ഫുൾ ടാങ്ക് ഫിൽ ചെയ്യാതെ 40 ലിറ്റർ അളവിലാണ് ഫിൽ ചെയ്യുന്നത്. ഇന്ധനതുക അനുവദിക്കുന്നതിന് ഓട്ടോമേറ്റഡ് മെഷീൻ പ്രിന്റഡ് ബില്ലുകൾ നിഷ്കർഷിക്കാതെ ആമ്പാടി ഫ്യുവൽസ് എന്ന സ്ഥാപനത്തിന്റെ ക്രെഡിറ്റ്/ക്യാഷ് ബില്ലുകൾ മാത്രമാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്.

വാഹനം/ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 37/24.08.2023) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 എം.സി.എഫ് സ്ഥലം വാങ്ങൽ-അപാകതകൾ- 4859725/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റിന്റെ പേര് - എം.സി.എഫ് -ന് സ്ഥലം വാങ്ങൽ

പ്രോജക്റ്റ് നമ്പർ – S00o2/23

ചെലവ് തുക - 4859725/- രൂപ (CFC Tied Fund) (Bill No.478/23 Dtd: 27.3.23)

നിർവ്വഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ എം.സി.എഫ്-ന് സ്ഥലം വാങ്ങൽ പ്രോജക്റ്റ് പ്രകാരം റീസർവ്വേ 396/8-1 ൽ ഉൾപ്പെട്ട 39.5 ആർ വസ്തു വാങ്ങുന്നതിനായി 4859725/- രൂപ ചെലവഴിച്ചു. പ്രസ്തുത പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, പദ്ധതി പ്രകാരം വാങ്ങിയ സ്ഥലത്തിന്റെ മുൻ ആധാരത്തിന്റെ (1323/2002) എല്ലുകയിൽ കിഴക്ക് വശം ചേർന്ന് തോട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത പ്രമാണത്തിൽ വിവരിക്കുന്ന വസ്തു 480/2023 നമ്പർ ആധാര പ്രകാരം പഞ്ചായത്തിന് അവകാശം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിച്ച ആധാരത്തിൽ തോട് രേഖപ്പെടുത്തിയിട്ടില്ല,പ്രസ്തുത കിഴക്ക് ഭാഗത്തിന്റെ എല്ലുകയിൽ ഗിരിജ വക വസ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 24.8.23 ൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ മുൻ ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തോട് കാണാൻ സാധിച്ചില്ല. കൂടാതെ പ്രോജക്റ്റ് ഫയലിൽ പ്രസ്തുത വസ്തു പോക്ക് വരവ് ചെയ്ത് കരം തീർത്തതിന്റെയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി 46 ന് മറുപടി ലഭ്യമാക്കിയില്ല. പുനർ ആധാരം ചെയ്തിന്റെയും പോക്ക് വരവ് ചെയ്ത് കരം തീർത്തതിന്റെയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-37 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 2629431/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23ൽ നടപ്പിലാക്കിയ വിവധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം ഒടുക്കൽ (എസ്.സി.പി) (SO67/23) | 600000/-<br>Bill No.10/23 Dtd 13.9.22 | ബ്ലോക്ക് റിസോഴ്സ് സെന്റർ |
| 2 | എസ്.എസ്.എ വിഹിതം ഒടുക്കൽ (ജനറൽ) (SO 66/23) | 800000<br>Billno.9/23 Dtd 13.9.22 | ബ്ലോക്ക് റിസോഴ്സ് സെന്റർ |
| 3 | ജില്ലാആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിരം വിഹിതം കൈമാറൽ (S0179/23) | 350000<br>Billno.14/23 Dtd 26.10.22 | ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി |
| 4 | ഐ.കെ .എം വിഹിതം നല്കൽ (SOO 65/23) | 124911<br>Billno.11/23 Dtd 13.9.22<br>15555/-<br>Bill No.27/22-23 Dtd 21.3.23 | ഡയറക്ടർ, ഐ.കെ.എം |
| 5 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (SO068/23) | Ch.No.22201249<br>Amt-13480/-<br>Ch.no.22201250<br>Amt-1250/- | KSEB, മാറനല്ലൂർ |
| 6 | സ്ട്രീറ്റ് ലൈൻ നീട്ടൽ (SO027 /23) | Ch.No.32908 Dtd 13.10.22<br>Amt-478986 | KSEB, മാറനല്ലൂർ |
| | | Ch.No.32912 Dtd 14.10.22<br>Amt-221049 | KSEB, ബാലരാമപുരം |
| 7 | വൈദ്യുതി ലൈൻ നീട്ടൽ (SO005/23) | 24200<br>Ch.no.22201281<br>Dtd.28.3.23 | KSEB, മാറനല്ലൂർ |

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 2629431/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 40ന് മറുപടി ലഭ്യമാക്കിയില്ല വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-38 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം- ചെലവ് 204900/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷത്തെ സെക്രട്ടറി നിർവ്വഹണം നടത്തിയ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം (SO223/23) എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൻ പ്രകാരം,ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് മറുപടി/വിശദീകരണം നൽകേണ്ടതാണ്.

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ്, QR കോഡുകൾ, കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും,എസ്.എം.എസ് ചാർജ്ജ് എന്നിവയ്ക്കായി 2022-23 സാമ്പത്തിക വർഷം 204900/-രൂപ (Bill.no. 33/2022-23 Dtd.28.3.23)ചെലവഴിച്ചിട്ടുണ്ട്.

- നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പ്രവർത്തിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ, ലഭ്യമാക്കിയില്ല.
- പ്രസ്തുത സിസ്റ്റത്തിന്റെ മോണിട്ടറിങ്ങിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിശദാംശങ്ങൾ, മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് റിപ്പോർട്ട് നൽകുകയോ ആയത് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടും ആരോഗ്യസ്റ്റാന്റിങ്ങ്

കമ്മിറ്റിയുടെ മിനുട്ട്സും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

. QR കോഡുകൾ ലഭ്യമായതിന്റേയും ആയത് ഗ്രാമ പഞ്ചായത്തിലെ വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പതിപ്പിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ/വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-39 കരാർ തീയതിയിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല

2022-23 സാമ്പത്തിക വർഷം അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ഫയൽ പരിശോധിച്ചതിൽ കരാർ തീയതിയിൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | കരാർ നമ്പർ/ തീയതി | കരാറുകാരന്റെ പേര് | പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|---|---|
| 1 | 47/23 | മൈലോട്ടച്ചമൺ കോളേജ് റോഡ് II | 13/AE/LSGD /MNR/2021-22 Dtd 13.10.21 | ശ്രീ.വി.വിജയൻ | 5മാസം | 26.10.22 |
| 2 | 79/22 | ഉറയംകോട് റോഡ് പുനരുദ്ധാരണം | 06/AE/LSGD /MNR/2021-22 Dtd05.10.21 | ശ്രീമതി.സജിനി.എസ്.എസ് | 5 മാസം | 22.12.22 |

മേൽ പ്രോജക്ടുകൾക്കായി 13.10.21, 05.10.21എന്നീ തീയതികളിൽ കരാറു വയ്ക്കുകയും പ്രവൃത്തി 26.10.22, 22.12.22 അസിസ്റ്റന്റ് എൻജിനീയർ, സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും കണ്ടെത്തി. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ഇനത്തിൽ തുക, (P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.അതിനാൽ കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കിയതിന്റെ വിശദാംശം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 42 ന് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത പിഴ ഈടാക്കി, ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-40 റോഡ് കണക്ടിവിറ്റി തയ്യാറാക്കൽ- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല-39000/- രൂപ തടസ്സപ്പെടുത്തുന്നു

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി തയ്യാറാക്കൽ (പ്രൊ.നം.എസ്സ്-0062/23) എന്ന പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും 39000/- രൂപ (Ch.no.31468/dtd15.3.22,Ch.no.3433/dtd4.1.23)ചെലവഴിച്ചിട്ടുണ്ട്. ടി തുക ശ്രീ.വിഷ്ണു ,എ.എസ് ശ്രീ. അഖിൽ എസ് കുമാർ,ശ്രീ.ജിജുഎം.എസ് അഭിഷിക്ത് എന്നിവർക്ക് സർവ്വെ നടത്തിയതുമായി ബന്ധപ്പെട്ട് നൽകിയ തുകയാണ്.പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിപ്രകാരം നടത്തിയിട്ടുള്ള സർവ്വെയിൽ എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 38 ന് മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ്തുക - 39000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-41 പ്രാദേശിക വിനോദസഞ്ചാര സാധ്യതകളെ കുറിച്ചുള്ള പഠനയാത്ര- അപാകതകൾ

പ്രോജക്ടിന്റെ പേര് – പ്രാദേശിക വിനോദസഞ്ചാര സാധ്യതകളെ കുറിച്ചുള്ള പഠനയാത്ര

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നമ്പർ – 221

അടങ്കൽ – 100000/- ( തനത് ഫണ്ട്)

ചെലവ് – 94184/-

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ അരുവിക്കരയിൽ ടൂറിസം കൊണ്ടുവരുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര സാധ്യതകളെ കുറിച്ച പഠനം നടത്തുന്നതിനായി തയ്യാറാക്കിയ പ്രാദേശിക വിനോദസഞ്ചാര സാധ്യതകളെ കുറിച്ചുള്ള

പഠനയാത്ര എന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

- സാധ്യതാ പഠനം നടത്തിയതിന്റെ വിശദാംശങ്ങൾ, പഠന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.
- പ്രോജക്ട് പ്രകാരം ഇടുക്കി ജില്ലയിലെ ടൂറിസം മേഖലയിലെ വിവിധ പഞ്ചായത്തുകൾ സന്ദർശിച്ച് അവിടുത്തെ വിവിധ ടൂറിസ്റ്റ് പ്രോജക്ടുകളും ശുചിത്വ മാലിന്യ സംസ്കരണ രീതികളും പഠിക്കുന്നതിന് 4.2.2023 തീയതിയിലെ സാധാരണ മീറ്റിംഗ്, I(10) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു.ശുചിത്വ മാലിന്യ സംസ്കരണ രീതികളെ കുറിച്ചുള്ള പഠനത്തിനായി ഏതെല്ലാം പഞ്ചായത്തുകളിൽ സന്ദർശിച്ചു എന്നതിന്റെ വിശദാംശവും ആയത് പ്രകാരം തയ്യാറാക്കിയ ശുചിത്വ മാലിന്യ സംസ്കരണ രീതികളെ കുറിച്ചുള്ള പഠന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല .
- പഠനയാത്രയ്ക്ക് പങ്കെടുത്തവരുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 41 -ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-42 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിതിന്റെയോ യോഗം ചേരുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തതിന്റേയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആസ്തികളുടെ പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആസ്തി പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആസ്തി രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | തൻ വർഷം വകയിരുത്തിയ തുക (സുലേഖ പ്രകാരം) | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 160000 | 134/23 ന്യൂലൈഫ് കോളനി നവീകരണം | 160000 | |

| | | | | | |
|---|---|---|---|---|---|
| | | 2000000 | 243/23 ലൈഫ് വസ്തു വാങ്ങൽ ജനറൽ | 1800000 | 200000 |
| | | 680580 | 20/23 സ്നേഹസ്പർശം | 680580 | |
| | | 200000 | 6/23 അനുപൂരക പോഷകാഹാരം | 200000 | |
| | | 157500 | 135/23 ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ഭവന നിർമ്മാണം | 157500 | 0 |
| | | 1460000 | 109/23 ലൈഫ് ഭവനനിർമ്മാണം എസ്.സി. | 1242000 | 218000 |
| | | 1100000 | 96/23 ക്ഷീര സമൃദ്ധി (ജനറൽ) | 1100000 | |
| ആകെ | | 5758080 | | 5340080 | 418000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1800000 | 31/23 കേരഗ്രാമം നാളികേര സമൃദ്ധി | 1800000 | |
| | | 63000 | 122/23 ഹരിതഭവനം | 63000 | |
| | | 684000 | 20/23 സ്നേഹസ്പർശം | 684000 | |
| | | 1240000 | 240/23 ലൈഫ് 2020 ഭവനനിർമ്മാണം ജനറൽ | 1240000 | |
| | | 680000 | 244/23 ലൈഫ് 2020 ഭവനനിർമ്മാണം എസ്.സി.പി. | 680000 | |
| | | 1000000 | 107/23 ലൈഫ് ഭവനപദ്ധതി പട്ടികജാതി പട്ടികവർഗ്ഗ ഫിഷറീസ് അഡീഷണൽ ലിസ്റ്റിലുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണം | 1000000 | |
| | | 386456 | 76/23 മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഗ്യാസ് ശ്മശാനം കെട്ടിടം പൂർത്തീകരണം | 386456 | |
| | | 2491755 | 44/23 മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഗ്യാസ് ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണവും വൈദ്യുതീകരണവും പ്ലാന്റ് സ്ഥാപിക്കലും | 2491755 | |
| ആകെ | | 8345211 | | 8345211 | |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 361738 | 5758080 | 6119818 | 5340080 | 486813 * |
| ജില്ലാ പഞ്ചായത്ത് | 4960969 | 8345211 | 13306180 | 8345211 | 1519958 |

| | | | | | |
|---|---|---|---|---|---|
| വിഹിതം | | | | | |
| മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നു ലഭിച്ചത് | 1200000 | 1150000 | 2350000 | 149476 | 2200524 |

* ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുന്നിരിപ്പുണ്ടായിരുന്ന 3,61,738/- രൂപയിൽ 2,92,925/- രൂപ റീഫണ്ട് ചെയ്തതായും, ഇതിൽ 68,813/- രൂപ ബാക്കിയുള്ളതായും സംയുക്തപദ്ധതികളുടെ ഫണ്ട് വിനിയോഗം പ്രൊഫോർമയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ തുക റീ ഫണ്ട് ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക ലഭ്യമാക്കിയില്ല. കൂടാതെ നീക്കിയിരിപ്പ് തുക പൂർണ്ണമായി ഒടുക്കാതെ 68,813/- രൂപ നിലനിറുത്തിയിതിനുള്ള കാരണവും വിശദമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 68/23 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് (6740)+ ഗുണഭോക്തൃവിഹിതം (6740) | 13480 | 0 | 13480 |
| | 5/23 വൈദ്യുതി ലൈൻ നീട്ടൽ | സി.എഫ്.സി (24200)+ തനത് (300) | 24500 | 0 | 24500 |
| | 27/23 സ്ട്രീറ്റ് ലൈൻ നീട്ടൽ (രണ്ടാം ഘട്ടം) | തനത് ഫണ്ട് | 700035 | 0 | 700035 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (ലെഡ്ജർ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 14142713 | 738015 | 14880728 | ലഭ്യമായില്ല | 14880728 |
| കെ.ഡബ്ല്യൂ.എ. | 11335077 | 0 | 11335077 | ലഭ്യമായില്ല | 11335077 |
| പി.ഡബ്ല്യൂ.ഡി. | 479133 | 0 | 479133 | ലഭ്യമായില്ല | 479133 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സ്വലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 36639352 | 3076600 | 5185426 | 34530526 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | ലഭ്യമായില്ല | ലഭ്യമായില്ല | 24901 | ശ്രീ. നാസർ എ | 1220301747/07.01.2023 |

ഓഡിറ്റ് റിക്കവറി സംബന്ധിച്ച മറ്റു വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | പരാമർശം |
|---|---|---|
| 2006-2007 | 3.5 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥൻ ആയിട്ടുള്ള തൊട്ടുവെട്ടിപ്പാറ തെരുക്കുന്ന് റോഡ് നിർമാണം കൺവീനറായ വിജയകുമാറിന് അധികമായി നൽകിയ തുക 126892/-രൂപ തടസ്സപ്പെടുത്തുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 37014309 |
| ഓഡിറ്റ് വർഷത്തെ വരവ് | 91833726 |
| ആകെ | 128848035 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62847233 |
| നീക്കിയിരിപ്പ് | 66000802 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9309799 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 30000 | ശ്രീ.ജീവൻ,സെക്രട്ടറി |
| 1-28 | 237500 | ഡോ.അരുൺകുമാർ, വെറ്റിനറി സർജൻ |
| 1-29 | 1023399 | ശ്രീ.ബാബുരാജ്, കൃഷിഓഫീസർ |
| 1-31 | 39844 | ശ്രീമതി.റിനി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-31-1 | 36000 | ശ്രീ.ജീവൻ, സെക്രട്ടറി |
| 1-32 | 210000 | ശ്രീ.ജീവൻ, സെക്രട്ടറി |

| | | |
|---|---|---|
| 1-36 | 4859725 | ശ്രീ.ജീവൻ, സെക്രട്ടറി |
| 1-37 | 2629431 | ശ്രീ.ജീവൻ, സെക്രട്ടറി |
| 1-38 | 204900 | ശ്രീ.ജീവൻ, സെക്രട്ടറി |
| 1-40 | 39000 | ശ്രീ.കെ.വിജയൻ, അസി.എഞ്ചിനീയർ |
| ആകെ | 9309799/- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം .

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ജീവൻ, സെക്രട്ടറി | സെക്രട്ടറി, മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | TC 46/845 കരമന – 695002 |
| 2 | ഡോ.അരുൺകുമാർ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | അനിൽ ഭവൻ, കോളിയൂർ, മുട്ടയ്ക്കാട് |
| 3 | ശ്രീമതി.റിനി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | ഗിരിജാ ഭവൻ, പുന്നമൂട്, പള്ളിച്ചൽ .പി.ഒ |
| 4 | ശ്രീ.ബാബുരാജ്, കൃഷിഓഫീസർ | കൃഷിഓഫീസർ, മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | ശ്രീഭവനം, കടക്കുളം, മുല്ലൂർ .പി.ഒ |
| 5 | ശ്രീ.കെ.വിജയൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | ശ്രീകൃഷ്ണ വിലാസം, മുന്നംകോട്, പേയാട് .പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 1 (3.5) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 2 (3.3,3.4) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 12 (2-2 (എ), 2-2 (ബി), 2-4 (സി), 2-4 (ഡി), 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 2 (3-12,3-15) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 2 (2-4,3-10) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 3 (3-2,3-3,3-4) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 11 (2-3, 2-5, 3-1, 3-2, 3-4, 3-6, 3-8, 3-9, |

| | | |
|---|---|---|
| | | 3-10, 3-11, 3-12) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 1 (3-4) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/2624/2018 തീയതി 09.11.2022 | 8 (2-3, 2-7, 2-8, 3-1, 3-2, 3-5, 3-8, 3-10) |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി.4/2171/2019 തീയതി 12.03.2021 | 22 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി.4/1520/2021 തീയതി 06.12.2021 | 32 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/648/2022 തീയതി 08.06.2022 | 26 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/387/2023 തീയതി 29.03.2023 | 32 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Maranalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Maranalloor Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Maranalloor Grama Panchayat for the Year 2022-2023.

**1.Major Observations**

The asset register is incomplete and not updated. Authoritative certification also not done. The asset information as per annual accounts cannot be reconciled with the asset register

**2.Other Observations**

1. Mandatory financial statements as per accounting rules like ratios not submitted with AFS.
2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
3. Journal, Contra vouchers not kept with supporting documents and certification.
4. Expenses due, but not met during the year not booked under liability head in the balance sheet. eg: Honorarium of members, fuel etc.

5. Stock and stores not valued and booked as asset in the AFS.

6. Balance in the e payment account does not match with the e -portal statement. Diff of Rs. 5819/- unable to reconcile.

7. Lapses in making timely and accurate demand entries in respect of tax revenue- Monthly demand entries are not made in ledgers of property tax

8. sufficient amount of capital contribution is not provided with respect to asset value.

9. Cash book not verified and certified by Secretary as per the provisions in Kerala Panchayath Raj accounts rules.

10. Demand Collection Balance statement inrespect of Property Tax heads not produced for audit. DCB in respect of license fee, profession tax etc does not match with registers.

11. MGNREGS receipts and payments does not match with the records /Registers kept for accounting.

12.Demand entries are not provided in time. For example, property tax demand entries have been made only on 31.03.2023, while demand entries are required to be made at the beginning of the financial year and every month thereafter

13. Receipt registers are not kept certified by closing each month and reconciling with the ledger balance. Only annual closing is done

14. Depreciation given for non Asset heads. for example depreciation is provided under heads waterways, plant &machinery, but there are no such assets for the institution.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്